എപ്പകത്തി ൨൭

[illegible] ൧൦൩

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം . ബ

## ൧൯൨൭ ഡിസംബർ — ൧൧൦൩ വൃശ്ചികം — ധനു

| | | | | |
|---|---|---|---|---|
| 1 | 15 | വ്യാ | എലിശാനിവ്യാ ജ്ഞൻ ൧൪ ന. ആ. കു. വെ. | ചു |
| 2 | 16 | വെ | ക വേ. ബിമ്പിയാന ന. ആ. കു. വെ. | ചു |
| 3 | 17 | ശ | ❊ മാ. പ്രംസീസ്സ ശൗരി, ന. ആ. കു. വെ. | വെ |
| | | | മണ്ണാറപ്പാറ, കൊതവറ. | |
| 4 | 18 | ഞാ | ✠ ആഗമനം ൨-ാം ന. കു. ആ. ഉദ ൬.൩ | റോ |
| | | | ☞ അടുത്ത വ്യാഴം കടം. | |
| 5 | 19 | തി | ആബാ സാബാ ന. ആ. കു. വെ. | വെ |
| | | | 5, 6, 7ാം അമ്പഴക്കാട്ടു ആശ്രമദേവാലയത്തിൽ നാല്പതുമണി. | |
| 6 | 20 | ചൊ | അ. മാ. നിക്ലാവൊസ ന. ആ. കു. വെ. | വെ |
| 7 | 21 | ബു | അ. മാ. അംബ്രോസീസു ന. ആ. കു. വെ. | വെ |
| ◐ 8 | 22 | വ്യാ | ✠ ദൈവജനനി അമലോത്ഭവം ന. കു. വെ. | വെ |
| | | | പാലാ, ചങ്ങനാശേരി, അമ്പഴക്കാട്ട്, മാന്നാനം, പൊൻകുന്നം, ഓർ ശ്ലേം, എങ്ങണ്ടിയൂർ, അമലോത്ഭവ തിരുനാൾ. | |
| | | | ഭരണങ്ങാനം വി. പ്രംസീ. അസീസി. ദർശനതിരുനാൾ. | |
| 9 | 23 | വെ | ❊ ദൈവജ. അമ എം. ന. ആ. കു. വെ. | വെ |
| 10 | 24 | ശ | പാ. വേ. മെല്ക്കിയാദീസു ന. ആ. കു. വെ. | ചു |
| 11 | 25 | ഞാ | ✠ ആഗമനം ൩-ാം ന. കു. ആ. ൧൨ ൨ ൬ | റോ |
| | | | മൂല്ലൂർ അമലോ തിരുനാൾ. | |
| 12 | 26 | തി | ❊ മാ. പ്രംസീസ്സോസ ജ്ഞൻ ൧൩ ന. ആ. കു. വെ. | വെ |
| 13 | 27 | ചൊ | ക. വേ. ലൂക്കിയാ ന. ആ. കു. വെ. | ചു. |
| 14 | 28 | ബു | ന. ആ. കു. പട്ടം. | റോ |
| 15 | 29 | വ്യാ | ദൈവജനനി. അമ. എട്ടാം. ന. ആ. കു. വെ. | വെ |
| 16 | 1 | വെ | അ വേ. എവുസേവി ന. ആ. കു. വെ. പട്ടം | ചു |
| 17 | 2 | ശ | ന. ആ. കു. പട്ടം. | റോ |
| 18 | 3 | ഞാ | ✠ ആഗമനം ൪-ാം ന. കു. ആ. ൭൬ ? ൨ | റോ |
| | | | ☞ അടുത്ത ശനി ഒരുനേരം. | |
| 19 | 4 | തി | വേ. മക്കോസു ജ്ഞൻ ൧൭ ന. ആ. കു. വെ. | ചു |
| 20 | 5 | ചൊ | ന. പി. മത്തോമ്മാ തലേ. ന. ആ. കു. തലേ. | റോ |
| 21 | 6 | ബു | (✠) ന. പി. മാത്തോമാ ന. കു. വെ. | ചു |
| 22 | 7 | വ്യാ | വേ. ഗല്ഗാസിയും കൂട്ട. ജ്ഞൻ ൧൮ ന. ആ. കു. വെ. | ചു |
| | | | ❊ കയുലിയാനാടി. ടി. ന. ആ. കു. വെ. | വെ. |
| ● 23 | 8 | വെ | ❊ മാ ലൂവീസു ജ്ഞൻ ൨൧ ന. ആ. കു. വെ. | വെ |
| 24 | 9 | ശ | ന. കു. പിറവി തലേ. ന. ആ. കു. തലേ. ഒ. നേ. | റോ |
| 25 | 10 | ഞാ | ✠ ന. ക പിറവി ന. കു. വെ. ഉദ ൩ ൬ | വെ |
| 26 | 11 | തി | (✠) പ്രഥമ വേ. എസ്തപ്പാനോസു ന. കു. വെ. | ചു |
| | | | എളൂർ, എസ്സ. സഹാ. | |
| 27 | 12 | ചൊ | (✠) യോഹന്നാൻ എവൻഗേലിസ്താ ന. കു. വെ. | വെ |
| 28 | 13 | ബു | (✠) ശു. കഞ്ഞിപൈതങ്ങൾ ന. കു. വെ. | റോ |
| 29 | 14 | വ്യാ | അ. വേ. തോമ്മാ കാണ്ടർ ന. ആ. കു. വെ. | ചു |
| 30 | 15 | വെ | പിറവി ഇട ഞായർ ന. ആ. കു. ഇടഞാ. | വെ |
| 31 | 16 | ശ | പാ. മാ. സിൽവസ്ത്രോസു ന. ആ. കു. വെ. ൧൨ ൦ ൨ | വെ |

എന്റെ അമ്മേ! എന്റെ ആശ്രയമേ.

(൩൦൦ ദി. ദ. വി.)



"അമലോത്ഭവ കന്യകേ! ഞങ്ങളെ നീ സഹായിക്കണമെ!"

# കർമ്മലകുസുമം.

പുസ്തകം ൨൫.) ഡിസംബർ. (ലക്കം ൧൨.


## ആശംസാകീൎത്തനം.

(ഡോക്ടർ പി. ജെ. തോമസ്സ് എം. ഏ. ബി. ലിററ് പി. എച്ച്. ഡി.)

ശ്രേയസ്സാംക്ഷയൊടന്നു നമ്മുടെ ജനം പാടേ പലേ മാൎഗ്ഗമായ്
മായം വിട്ടു പരിശ്രമിപ്പു സമുദായത്തെയുയൎത്തീടുവാൻ
ന്യായംപോലിവരേ നയിച്ചു നലമാം മാൎഗ്ഗത്തിലൂടെ തിരി-
ച്ചാൎയ്യശ്രീയൊടു വാണിടട്ടെ നെടുനാൾ യാക്കോബുമെത്രാനിനീ.

# പ്രസാധകക്കുറിപ്പുകൾ

### ഇരുപത്തഞ്ചുവയസ്സ്.

കർമ്മലകുസുമത്തിനു ഈ ലക്കത്തോടുകൂടെ ഇരുപത്തഞ്ചുവയസ്സു പൂൎത്തിയാകുന്നു. ഇത്രയുംകാലം നിൎവ്വിഘ്നം നിലനിന്നു പോരുന്നതിനു വേണ്ട അനുഗ്രഹങ്ങൾ നൽകിയരുളിയ അനന്തകാരുണികനായ സൎവ്വേശ്വരനും, കർമ്മലനാഥയായ ദൈവജനനിയ്ക്കും ഈ അവസരത്തിൽ ഞങ്ങൾ ഹൃദയംഗമമായ കൃതജ്ഞത പ്രദൎശിപ്പിച്ചുകൊള്ളുന്നു. പൈതൃകമായ ലാളനാകടാക്ഷങ്ങളാൽ കുസുമത്തെ സൎവ്വദാ സംരക്ഷിച്ചുപോന്നിട്ടുള്ള വൈദികാദ്ധ്യക്ഷന്മാരായ വന്ദ്യ തിരുമേനിമാരുടെ നേൎക്കും ഞങ്ങൾക്കുള്ള കൃതജ്ഞത അപാരമായിരിക്കുന്നു. ലേഖനസഹായങ്ങൾകൊണ്ടു കുസുമത്തെ വികസിപ്പിച്ചിട്ടുള്ള കത്തോലിക്ക സാഹിത്യകാരന്മാൎക്കും, ധനസഹായത്താൽ അതിന്റെ പ്രചാരത്തെ പ്രവൃദ്ധമാക്കിച്ചെയ്തിട്ടുള്ള ഞങ്ങളുടെ മാന്യവരിക്കാൎക്കും ഞങ്ങൾ ഹൃദയപൂൎവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. മേലിലും ഈവക സഹായങ്ങളെല്ലാം അനുസ്യൂതമായി ഉണ്ടായിക്കൊണ്ടിരിക്കണമെന്നു മാത്രമാണു ഈ തരുണത്തിലും ഞങ്ങൾക്കുള്ള ഏകാഭ്യൎത്ഥന. ആണ്ടിൽ ഒരുരൂപാമാത്രം വരിസംഖ്യയായിട്ടു കുസുമം നടത്തിക്കൊണ്ടുപോകാൻ സാധിക്കയില്ലെന്നുള്ള നഷ്ടങ്ങൾതന്നെ നേരിട്ടിട്ടുണ്ടു്. എങ്കിലും നമ്മുടെ കത്തോലിക്ക കുടുംബങ്ങളുടെ നന്മയേമാത്രം ലാക്കാക്കി ഈ തുച്ഛമായ തുക വൎദ്ധിപ്പിക്കാതെ കഴിച്ചുപോരികയാണെന്നുള്ളതു് ഞങ്ങളുടെ മാന്യവരിക്കാർ വിസ്മരിക്കരുതു്. പ്രസ്തുത നിസ്സാരസംഖ്യപോലും

കുടിശ്ശിക യാക്കിയിട്ടുള്ളവരുണ്ടെങ്കിൽ കുസുമത്തിൻെറ ഈ രജതജൂബിലി അവസരത്തിലെങ്കിലും അവർ അനുതപിച്ചുപരിഹാരംചെയ്യാതിരിക്കയില്ലെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. നിര്യ്യാതനായ കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ സ്മരണീയ വചനങ്ങൾ ഈ ശുഭാവസരത്തിൽ കുസുമവായനക്കാരെ അനുസ്മരിപ്പിക്കുന്നതുഅവസരോചിതമായിരിക്കുമെന്നു കരുതുന്നു"കേരളീയകർമ്മെലീത്താസഭവഴി നാട്ടിനു പല നന്മകൾ സിദ്ധിച്ചിട്ടുള്ളതു ഏവരും കൃതജ്ഞതാപൂർവ്വം എന്നും അനുസ്മരിക്കുന്നതാണ്. പ്രസ്തുത സഭാവല്ലിയിൽനിന്നും കേരളത്തിൽ പൊഴിഞ്ഞിട്ടുള്ള പല സുഗന്ധപുഷ്പങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നുകർമ്മെലകുസുമം.''പൂജ്യശ്ലോകനായ തിരുമനസ്സിലെ ആശംസക്കനുസരിച്ചു കുസുമം മേലും വികസിപ്പാൻ ഇടയാകമാറാകട്ടെ!

## ക്രിസ്തുമസ് മംഗളം.



ക്രിസ്തുവിൻെറ ഒന്നാമത്തെ ആഗമനത്തിൽ ലോകം എത്ര ആനന്ദിച്ചുവോ- എത്ര ആനന്ദിപ്പാൻ കാരണമായിരുന്നുവോ- അതിൻെറ സ്മരണയാണ് പ്രതിവർഷം ക്രിസ്തീയലോകം ക്രിസ്തുമസ്സ് ദിവസത്തിൽ പ്രദർശിപ്പിക്കുന്നതു്. അന്ധകാരത്തിൽ കിടന്നിരുന്നലോകത്തിനു പ്രകാശം ലഭിക്കയാണു ചെയ്തതു്; ശിക്ഷയ്ക്കു അധീനമായിരുന്ന മർത്ത്യവർഗ്ഗത്തിനു രക്ഷോദയം ഉണ്ടാകയാണു ചെയ്തതു്. അതിനാൽ അഹ്ലാദിക്കതന്നെ വേണം. യഥാർത്ഥത്തിൽ എത്ര ആഹ്ലാദിച്ചാലും അധികമാകുന്നതല്ല. അതിനാൽ ക്രിസ്തുമസ്സിൻെറ സന്തോഷസന്ദേശം അറിയിച്ച ദൈവദൂതന്മാരോടുകൂടെ ഞങ്ങളും ഞങ്ങളുടെ മാന്യപത്രബന്ധുക്കൾക്കെല്ലാം സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

## മെത്രാഭിഷേകമഹോത്സവം.

പുതിയമെത്രാൻെറ നാമകരണത്തിനായി രണ്ടരക്കൊല്ലം അക്ഷമതയോടെ കാത്തിരുന്ന ചങ്ങനാശ്ശേരിരൂപത ഇപ്പോൾ കാളാച്ചേരിൽ ജെയിംസുമെത്രാനച്ചൻ തിരുമനസ്സിലെ സ്ഥാനാഭിഷേകദിനത്തെയാണു ഉൽക്കണ്ഠാപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതു. മറ്റു പ്രതിബന്ധങ്ങളൊന്നും ഉണ്ടാകാത്തപക്ഷം ഹയരർക്കിസ്ഥാപനദിനമായ ഡിസംബർ 21-ാംനു- ചങ്ങനാശ്ശേരിൽവച്ചു അഭിഷേകകർമ്മം നടത്തുന്നതാണെന്നു അഡ്മിനിസ്ത്രേറ്റർ അപ്പസ്തോലിക്ക അവർകൾ പരസ്യം ചെയ്തിരിക്കുന്നു. പ്രസ്തുത അവസരം പ്രമാണിച്ചു മെത്രാസനപ്പള്ളിയോടുചേർന്നു ആയിരത്തഞ്ഞൂറു രൂപായിൽ കുറയാത്ത ഒരു സംഖ്യ ചെലവുചെയ്തു ഒരു പ്രത്യേക മന്ദിരം പണിചെയ്യുന്നതിനു ഏർപ്പാടു ചെയ്തുകഴിഞ്ഞു. അഭിഷേകകർമ്മങ്ങൾ കഴിഞ്ഞു പള്ളിയിൽനിന്നു അരമനയിലേക്കുണ്ടാകുന്ന ഘോഷയാത്രയിൽ എല്ലാപള്ളികളിലേയും പൊൻവെള്ളിക്കുരിശുകളും മുത്തുക്കുടകളും ഉണ്ടായിരിക്കുന്നതിനു ഏർപ്പാടുചെയ്തിട്ടുണ്ട്. അകപ്പാടെ അഭിഷേകകർമ്മമഹോത്സവം കഴിയുന്നത്ര മോടിപിടിപ്പിക്കുന്നതിനു സർവ്വശ്രമങ്ങളും ചെയ്തുവരുന്നു. സ്ഥാനാഭിഷേകത്തിനു മുമ്പുള്ള പത്തുദിവസത്തെ ധ്യാനം മാന്നാനം ആശ്രമത്തിൽവച്ചു കഴിക്കുന്നതിനു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിട്ടുള്ളതായി അറിയുന്നു. കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ സമുചിതപിൻഗാമിയായി കാളാച്ചേരിൽ യാക്കോബുമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ചിരകാലം വാണരുളുവാൻ ദൈവം ഇടയാക്കട്ടെ!

# അമലോൽഭവം.

(റവ. ഫാദർ വില്യം ടി. ഒ. സി. ഡി. എം. ഏ. എൽ. ററി.)

തന്നിൽതന്നെ സർവ്വനന്മസ്വരൂപിയായ ദൈവം സ്വന്തനന്മയിലും സൌഭാഗ്യത്തിലും പങ്കുകൊള്ളുന്നതിനായി മനുഷ്യരെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഈ മുൻനിശ്ചയത്തിനു ആദിമാതാപിതാക്കന്മാരുടെ പാപം മൂലം ഭംഗം വരുകയുണ്ടായി. പാപം നിമിത്തം ദൈവശാപം മനുഷ്യകുലത്തിന്മേൽ വീണു. എന്നുവരികിലും ഒരു രക്ഷകൻ വരുമെന്നുള്ള ആശാജനകമായ വാഗ്ദാനംകൂടെ ശാപവാക്യത്തിൽ തന്നെ ദൈവം കരുണാപൂർവ്വം മുന്നറിയിക്കുന്നതിനു കൃപയായി.

ഒരു സ്ത്രീ വഴിയായി പാപം മനുഷ്യകുലത്തിന്മേൽ വിജയം നേടി. ഒരു സ്ത്രീ വഴിയായി തന്നെ പാപത്തെ ഹനിക്കണമെന്നായിരുന്നു ദൈവനിശ്ചയം. നാലായിരം വർഷങ്ങളോളം കഴിഞ്ഞു. മനുഷ്യസന്തതികളെല്ലാം ദൈവശത്രുക്കളും പിശാചിന്റെ ദാസരുമായിട്ടാണു ലോകത്തിലേക്കു പ്രവേശിച്ചിരുന്നതു്. എന്നാൽ കടശി ദൈവവാഗ്ദാനം നിറവേറേണ്ട നാഴികയായി. ദൈവപുത്രൻ ഭൂമിയിൽ ജാതനാകേണ്ട സമയം സമീപിച്ചു. അദ്ദേഹത്തിന്റെ അളവററ ഔദാര്യത്തിന്റെ ഫലം ആദ്യമായും പരിപൂർണ്ണമായും പ്രാപിക്കുന്നതിനു യോഗ്യ. അദ്ദേഹം പ്രത്യേകമായി തെരഞ്ഞെടുത്ത സ്വമാതാവു തന്നെയായിരുന്നു.

ഈ ധന്യ ദൈവവരപ്രസാദത്താൽ പരിപൂർണ്ണയാകതന്നെയല്ലാ, മററാരുത്തർക്കും ലഭിക്കാത്തവിധത്തിൽ ദൈവത്തെ തന്നിൽതന്നെ സ്വീകരിക്കുന്നതിനു ദൈവം നിശ്ചയിച്ചിരുന്നതിനാൽ ശേഷം പേരേക്കാൾ പൂർണ്ണമായിട്ടുമാത്രമല്ലാ എത്രയും ഉപരിയായ ഒരുവിധത്തിൽ കൂടിയും ദൈവരക്ഷണീയത്തിന്റെ ഫലം പ്രാപിക്കയുണ്ടായി. ഈ ധന്യ ആദത്തിന്റെ മേൽ വീണ ശാപത്തിനു അവകാശിയായില്ല. ഈ വൈശിഷ്ട്യം വേറെ ആർക്കും ലഭിച്ചിട്ടുമില്ല. ഈ നാഥയുടെ ആത്മാവിനെ സൃഷ്ടിച്ച ആദ്യക്ഷണംമുതൽ അതു ഉത്ഭവപാപമില്ലാതെ, സ്വഭാവാതീതമായ കറാമില്ലായ്മയും, ശുദ്ധീകരണവരപ്രസാദപരിപൂർണ്ണതയും, പുണ്യങ്ങളുടെ അതിവിപുലമായ സമ്പത്തും നിറഞ്ഞവളായിരുന്നു. വിശുദ്ധീകൃതയായി, പരിപൂർണ്ണയായി, ബുദ്ധിശക്തി പ്രയോഗിക്കുന്നതിനു പ്രാപ്തിയുള്ളവളായിരുന്നപരിശുദ്ധ മറിയം ദൈവത്തിങ്കലേക്കു തിരിഞ്ഞു അദ്ദേഹത്തെ ഹൃദയംകൊണ്ടും മനസ്സുകൊണ്ടും സ്വസ്രഷ്ടാവായി അനുസരിച്ചു ആരാധന ചെയ്തു. ആ ധന്യ പാപത്തിനു അടിമയായില്ല എന്നു മാത്രമല്ല; ആ വിമലയുടെ പുണ്യത്തിന്റെ ആരംഭംതന്നെ വിശുദ്ധ മചയിലാണു തുടങ്ങിയിരിക്കുന്നതു്. നന്മ പരിപൂർണ്ണയായ പരിശുദ്ധമറിയം അറിവിലും സ്നേഹത്തിലും മററു വിശുദ്ധന്മാർ അവസാനിപ്പിച്ചിടത്തു ആരംഭിക്കയാണു ചെയ്തതു എന്നാകുന്നു വേദപാരഗന്മാർ പറയുന്നതു്. വേറൊരുവിധത്തിൽ പറഞ്ഞാൽ ശേഷം വിശുദ്ധന്മാർ തങ്ങളുടെ ജീവിതത്തിന്റെ അന്ത്യദശയിൽ പ്രാപിച്ചിരുന്ന പുണ്യപൂർണ്ണത പരിശുദ്ധ മറിയം തന്റെ നിർമ്മല ഉത്ഭവത്തിന്റെ ക്ഷണത്തിൽ പ്രാപിക്കയുണ്ടായി. പരിശുദ്ധതയുടെ ദർപ്പണമായ ഈ വിമലനാഥയുടെ ആയുഷ്കാലം മുഴുവനും ദൈവസ്തോത്രപരമായ ഒരു ഗാനമായിരുന്നു. ആ ഗാനത്തിന്റെ ആരംഭം ഈ ധന്യയുടെ അമലോത്ഭവം മുതല്ക്കേ ആയിരുന്നു.

പരിശുദ്ധകന്യകമറിയത്തിന്റെ അമലോത്ഭവത്തെപ്പററി ചിന്തിക്കുന്നകൂട്ടത്തിൽ നമ്മുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കുന്ന ഒരു കാര്യമുണ്ടു്. ദൈവം സ്വന്തമായി തെരഞ്ഞെടുക്കുന്ന

ർ എത്രയും അധികം ശുദ്ധിയുള്ളവരായിരിക്കണം. ദൈവം സ്വമാതാവായി തെരഞ്ഞെടുത്ത ധന്യയ്ക്കു ലൗകികസമ്പത്തോ, ലോകബഹുമതിയോ വിശേഷവിധിയായി കൊടുക്കുന്നില്ല. ഒരു സാമാന്യ വേലക്കാരന്റെ ഭാര്യയെയാണു ദൈവം തന്റെ മാതാവായി തെരഞ്ഞെടുത്തതു്. ലോകദൃഷ്ട്യാ നസ്രസിലെ തച്ചനായിരുന്ന നമ്മുടെ പിതാവു വി. യൗസേപ്പു വെറും ഒരു ആശാരി മാത്രമായിരുന്നതുപോലെ അദ്ദേഹത്തിന്റെ ഭാര്യയും വെറും ഒരു സാമാന്യക്കാരിയായിരുന്നു. ഇവരിരുവരുടെയും ആത്മീയമഹിമ നമുക്കു ശരിയായി മനസ്സിലാക്കാൻപോലും സാധിക്കാത്തവണ്ണം അത്യുന്നതമായിരുന്നു.

ലോകത്തിൽ ആത്മീയ നന്മകളുടെ നേരെയുള്ള മതിപ്പു ഒന്നിനൊന്നു കുറഞ്ഞുവരുന്ന ഈ കാലത്തു, തിരുസഭ പരിശുദ്ധകന്യകയ്ക്കു ദൈവം വിമലയായി ജനിക്കുന്നതിനുള്ള വിശേഷവരംകൊടുത്തതിനെ വിശ്വാസസത്യമായി പ്രഖ്യാപനംചെയ്തുകൊണ്ടു, ഈ വിശേഷവരത്തെ ദൈവം എത്രമുഖ്യമായികരുതുന്നു എന്നു നമ്മെ ഉൽബോധിപ്പിക്കയാണു ചെയ്യുന്നതു്. ലൗകിക സമ്പത്തും ബഹുമതിയും ധാരാളമായിഅനുഭവിച്ചശേഷം ദൈവദ്രോഹികളായി ഇഹലോകത്തിൽനിന്നു പുറപ്പെട്ടുപോയ നിർഭാഗ്യവാന്മാർ എത്രയുണ്ടു്? ഇവർ, മനുഷ്യൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവു നശിച്ചാൽ ഫലം എന്തു് എന്നുള്ള ചോദ്യത്തിനു എന്തു മറുപടി പറയും?

ഉത്ഭവം മുതൽ മരണപര്യന്തം പാപത്തിന്റെ അല്പകറപോലുംപെടാതെ ജീവിതം നയിച്ച പരിശുദ്ധ കന്യകയുടെ ദൃഷ്ടാന്തം എത്ര പേരെയാണു പുണ്യസാംഗോപാംഗത്തിന്റെ ഉച്ചസ്ഥാനത്തു ചെന്നുചേരുവാൻ സഹായിച്ചതു എന്നുകൂടി നാം ഓർക്കണം. ഇന്നു തിരുസഭയാകുന്ന മാതാവിന്റെ മുടിക്കു അലങ്കാരമായിത്തീർന്നിട്ടുള്ള വിശുദ്ധന്മാരെല്ലാം പരിശുദ്ധ കന്യകയെ അനുകരിച്ചു ജീവിച്ചിട്ടുള്ളവരാണു്. സർവ്വപരിശുദ്ധയായ ഈ നാഥയെ അനുകരിക്കുന്നതിനു ശ്രമിക്കയും ബലഹീനരായ മനുഷ്യർക്കു കഴിവുള്ളടത്തോളം ഈ വിമലയെ അനുകരിക്കയും ചെയ്ത പരിശുദ്ധന്മാരുടെ വൃന്ദത്തെ കണ്ടുപഠിച്ചു നാമും നമ്മുടെ ജീവിതത്തിൽ സർവ്വപ്രധാനമായിട്ടുള്ളതു ദൈവവരപ്രസാദമാണെന്നു മനസ്സിലാക്കി ജീവിക്കണം. പരിശുദ്ധ കന്യകയുടെ അമലോത്ഭവതിരുനാളിൽ നമ്മുടെ മനസ്സു ഈ സത്യം പൂർണ്ണമായി ഗ്രഹിക്കേണ്ടതാണു്.

## കത്തോലിക്ക ഇൻഡ്യയുടെ ആശ.

(ഓണറബിൾ. എം. രത്നസ്വാമി എം. ഏ. ബാർ അററ് ലാ. എം. എൽ. ഏ. അവർകളുടെ കോൺഗ്രസ്സ് അദ്ധ്യക്ഷപ്രസംഗത്തിൽ നിന്നു്.)

ഇവിടെ നിങ്ങൾക്കു ജാതിവ്യത്യാസത്തിന്റെ പാശങ്ങളാൽ ബന്ധിതമല്ലാത്തതും യോജിപ്പോടുകൂടിയതുമായ ഒരു കത്തോലിക്കാ സമുദായമുണ്ടു്. ഇവിടെ നിങ്ങൾക്കു അകത്തോലിക്കാസാഹചര്യങ്ങളെ ആധീനമാക്കത്തക്ക പ്രബലമായ ഒരു കത്തോലിക്കാ പാരമ്പര്യം ഉണ്ടു്. ഇവിടെ നിങ്ങൾക്കു സംഖ്യാബലംകൊണ്ടും വ്യവസ്ഥാപനംകൊണ്ടും അഭിവൃദ്ധികൊണ്ടും ഒരു പ്രധാനസ്ഥാനം വഹിക്കാവുന്ന രാജ്യങ്ങൾ ഉണ്ടു്. ഇവിടെ നിങ്ങൾക്കു ഒരു ദേശീയ ഹൈരാർക്കിയും പരസ്പരം യോജിപ്പോടും ഉത്സാഹപൂർവ്വമായ സഹകരണത്തോടുംകൂടിവർത്തിക്കുന്ന വൈദികരും അൽമായക്കാരും ഉണ്ടു്. കത്തോലിക്കാതത്വങ്ങളെ പൊതുക്കാര്യജീവിതത്തിൽ പ്രകാശിപ്പിക്കാൻ തക്ക സൗകര്യം ധാരാളമുണ്ടു്. ഈ തത്വങ്ങൾ ഏതുവിധത്തിൽ പ്രയോഗത്തിലാകാമെന്നുള്ളതിന്നെ ഇൻഡ്യയി

ലെ ഇതരഭാഗങ്ങളിലുള്ള തങ്ങളുടെ സഹോദരങ്ങൾക്കു കേരളീയ കത്തോലിക്കർ ഇനിയും കാണിച്ചുകൊടുക്കാവുന്നതാണ്. ഈ വിഷയത്തിൽ ആവശ്യമുള്ള ജ്ഞാനത്തിനും നേതൃത്വത്തിനും ഇൻഡ്യയിലെ ഇതര കത്തോലിക്കർ കേരളീയരെ ആശ്രയിക്കാൻ കാര്യമുണ്ടെന്നു ഇവർ തെളിയിച്ചിട്ടുണ്ട്. കേരളത്തിലെ വൈദികസ്വയംഭരണവിജയം ഇൻഡ്യയിലെ ശേഷം കത്തോലിക്കർക്കു ഒരു പോരുവിളിയും ആകുന്നു. നമ്മുടെ വൈദിക ഭരണാധികാരികൾക്കു ദീർഘദൃഷ്ടിയോടുകൂടിയ ഭരണകൗശലവും ഭരണീയർക്കു ക്ഷമയും സ്വാശ്രയവും ഉള്ള പക്ഷം കേരളത്തിലെ വിജയപൂർവമായ പരീക്ഷണം—ഒരു പരീക്ഷണമെ നിലയെ ഇതു് അതിലംഘിച്ചിരിക്കുന്നതായിക്കണ്ടു ഞാൻ സന്തോഷിക്കുന്നു—കാലവും സാഹചര്യങ്ങളും അനുവദിക്കുന്നതായാൽ ശേഷിച്ച കത്തോലിക്ക ഇൻഡ്യയിലും ഏർപ്പെടുത്തുന്നതുകൊണ്ടു ആപൽശങ്കയ്ക്കു അവകാശമില്ലെന്നു് മാത്രമല്ല സർവ്വപ്രകാരേണ വിജയകരമായി പരിണമിക്കയും ചെയ്യും. ഈ വിധം നോക്കുന്നതായാൽ കേരളത്തിലെ കത്തോലിക്കസഭ ഇൻഡ്യയിലെ കത്തോലിക്കർക്കു് മാർഗ്ഗദർശിത്വം വഹിക്കുന്നതായി കാണാം. കേരളീയകത്തോലിക്കരുടെ പരിശുന്നഭാവിയിൽ എനിക്കു വിശ്വാസമുള്ളതുകൊണ്ടാണ് അവരുടെ അഭിവൃദ്ധിപരമായ സ്ഥാപനങ്ങളിൽ ഒന്നിനോടു സംബന്ധപ്പെടുന്നതിനുള്ള ഈ അവസരത്തെ ഞാൻ സസന്തോഷം സ്വീകരിച്ചതും കേരളത്തിലെ കത്തോലിക്കാ പരിശ്രമത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ ചെയ്യുന്നതിനുതക്ക ധൈര്യത്തോടേ, ഒരു കാമുകൻെറ ധൈര്യത്തോടെ ഒരുങ്ങിയതും. നിങ്ങൾ എൻെറ മേൽ വർഷിച്ചിരിക്കുന്ന ദയ, ഔദാര്യം, ബഹുമതി ഇതുകൾക്കായി ഞാൻ ഒന്നുകൂടി നിങ്ങൾക്കു നന്ദിപറഞ്ഞുകൊള്ളട്ടെ. ഈ സഹവാസത്തെക്കുറിച്ചു് ഏററവും ആനന്ദകരമായ സ്മരണകളോടും ഒരു കത്തോലിക്കനും, ഇൻഡ്യാക്കാരനും എന്ന നിലയിൽ എന്നെ ചുമതലപ്പെടുത്തുന്ന ഏതുവേലയും ചെയ്യുന്നതിനുള്ള ഉന്മേഷത്തോടും കൂടി ഞാൻ മടങ്ങുന്നതാണ്. ശുഭം.

## ഗ്രിഗോരിയൻ കുർബാന.

(റവ. ഫാദർ തോമസ് മൂത്തേലി.)

ഗ്രിഗോരിയൻ കുർബാനയെ സംബന്ധിച്ചു കേട്ടിട്ടില്ലാത്ത കത്തോലിക്കർ കേരളത്തിൽ അധികമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. എന്നാൽ അതിൻെറ പ്രാരംഭചരിത്രത്തെപ്പററി ഗ്രഹിച്ചിട്ടുള്ളവർ ചുരുക്കമായിരിക്കാനെ വഴിയുള്ളു. പ്രസ്തുത ഭക്തമുറ കത്തോലിക്കലോകത്തിൽ ആരംഭമായിട്ടു ഇപ്പോൾ ആയിരത്തിൽ പരം കൊല്ലങ്ങളായിട്ടുണ്ടു്. പത്രോസിൻെറ തിരുസിംഹാസനത്തെ 590 മുതൽ 604 വരെ അലങ്കരിക്കയും ഇംഗ്ലീഷ്ജാതിക്കാരുടെ ക്രിസ്തീയമതപരിവർത്തനത്തിനു കാരണഭൂതനാകയും ചെയ്ത വിശുദ്ധ ഗ്രിഗോരിയോസ് മാർപ്പാപ്പായാണ് ഇതിൻെറ സ്ഥാപനകർത്താവു്. അദ്ദേഹം റോമിൽ വിശുദ്ധ അന്ത്രയോസിൻെറ നാമത്തിൽ സ്ഥാപിതമായിട്ടുള്ള സന്യാസാശ്രമത്തിലെ ശ്രേഷ്ഠനായിരുന്നപ്പോൾ ജൂസ്റ്റസ് എന്ന നാമധാരിയായ സ്ഥലത്തെ ഒരു സന്യാസി അന്തരിക്കുകയുണ്ടായി. പരേതനായ ഈ സന്യാസിയുടെ ആത്മശാന്തിയ്ക്കായി ഗ്രിഗോരിയോസ് 30 കുർബാന ഇടമുറിയാതെ 30 ദിവസങ്ങളിലായി ചൊല്ലിച്ചുവന്നു. അവസാന ദിവസം ജൂസ്റ്റസ് തൻെറ ഭ്രാതൃസന്യാസിയായ കൊപ്പിയോസ്സസിനു പ്രത്യക്ഷനായി താൻ അനേകം നാൾ ശു

ദ്ധീകരസ്ഥലത്തിൽ ദുസ്സഹമായ പീഡകൾ അനുഭവിച്ചിരുന്നെന്നും ഇപ്പോൾ വിമോചിതനായിരിക്കുന്നുവെന്നും അറിയിച്ചു. ഈ സംഭവത്തെ അനുസ്മരിച്ചും ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളുടെ സംരക്ഷകനായ ഗ്രിഗോരിയോസിനോടു കത്തോലിക്കാലോകമൊട്ടുക്കുള്ള സംതൃപ്തിയെ പ്രകാശിപ്പിച്ചും ഭക്തിജനകമായ ഗ്രിഗോരിയൻ കുർബ്ബാനയുടെ പ്രസ്ഥാനം യൂറോപ്പിലെവിടെയും നടപ്പിലായി. വിശ്വാസികളേവരും മൃതരായ തങ്ങളുടെ ബന്ധുമിത്രാദികളുടെ ആത്മാക്കൾ വെസ്സ്പ്പകാനായിലെ അഗ്നിജ്വാലകളിൽ നിന്നു വിമോചിക്കപ്പെടണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി വിശുദ്ധഗ്രിഗോരിയോസിനെ അനുകരിച്ചു ഇടമുറിയാതെ 30 കുർബ്ബാന ചൊല്ലിച്ചു വന്നു. അനന്തരം പതിനാലാം ബെനദിക്തോസ് മാർപ്പാപ്പാ ഈ സൽകൃത്യത്തെ ശ്ലാഘിക്കയും, ഒരു പ്രത്യേക ആത്മാവിനായി ചൊല്ലിക്കുന്ന 30 ഗ്രിഗോരിയൻ കുർബ്ബാനയ്ക്കു പ്രസ്തുത ആത്മാവിനു ശുദ്ധീകരസ്ഥലത്തിലെ വേദനകളിൽ നിന്നു വിമോചനം ലഭിക്കുന്നതിനു ഒരുവിശേഷ ശക്തിയുണ്ടെന്നുള്ള പൊതുജനങ്ങളുടെ വിശ്വാസം നല്ലതാണെന്നു ദണ്ഡവിമോചനങ്ങളുടെ തിരുസംഘം അഭിപ്രായപ്പെടുകയും, പ്രസ്തുത ആചാരം കാലക്രമേണ തിരുസഭയിൽ അംഗീകൃതമാകയും ചെയ്തിട്ടുള്ളതാകുന്നു. ആകയാൽ ശുദ്ധീകരസ്ഥലത്തിലെ പീഡകളിൽനിന്നു രക്ഷപ്രാപിക്കണമെന്നുദ്ദേശിക്കുന്നവർക്കു വേണ്ടാ ഗ്രിഗോരിയൻ കുർബ്ബാന ചൊല്ലിച്ചു വരുന്ന നടപടി ഏററവും സ്തുത്യർഹവും അനുകരണീയവുമാണ്. ഗ്രിഗോരിയൻകുർബ്ബാനമുപ്പതും ഒരു പട്ടക്കാരൻ തന്നെ ചൊല്ലണമെന്നോ, ഒരു ബലിപീഠത്തിൽ തന്നെ സമർപ്പിക്കണമെന്നോ, എല്ലാം കറുപ്പുവർണ്ണത്തിലുള്ള കുർബ്ബാനക്കുപ്പായം ധരിച്ചു നടത്തണമെന്നോ, നിർബന്ധമില്ല. ഏതുകാലത്തും ഏതുമാസത്തിലും ഗ്രിഗോരിയൻ കുർബ്ബാന ചൊല്ലിക്കാവുന്നതാണ്. എന്നാൽ മുപ്പതു കുർബ്ബാന ഇടമുറിയാതെ മുപ്പതു ദിവസത്തേക്കു ചൊല്ലണമെന്നുള്ള വ്യവസ്ഥ നിർബന്ധം തന്നെയാണ്.

## അനുമോദന പഞ്ചകം.

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.)

പാരിച്ചീടുന്ന വിദ്യാധനമൊടുവിനയാ—
ധിക്യവും ചേർന്നകാളാ—
ച്ചേരിൽപൂജ്യൻജെയിംസച്ചനുമഹിതനയാം=
ഭോധിപീയൂസുപാപ്പാ
ഭൂരിശ്രീപൂണ്ടമെത്രാൻപദമരുളിയൊരാ—
വാർത്തകേട്ടിട്ടെനിക്കുൾ=
ത്താരിൽത്തിങ്ങുംപ്രമോദംചിതമൊടുമെഴുതാൻ
രോഗിയാം ഞാനശക്തൻ.

സ്വകരുപതയിൽപെടും ജനത്തിൻ—
നികരത്തിൽഗുണമേററിവാണിടാനായ്
പുകളേറിടുമീവിശിഷ്ടനെന്നും
സകലേശൻ സദയം തുണച്ചിടേണം.

നിജപാദസരോരുഹങ്ങളെന്നും
ഭജനംചെയ്തിടുമീമനോജ്ഞശീലൻ
സുജനാഗ്രണിയിൽ കടാക്ഷമൻപോ—
ടജപുത്രൻമിശിഹാ ചൊരിഞ്ഞിടേണം.

ഉരപെരുകിടുമീമഹാശയൻ തൻ
ഭരണരഥം വിജയത്തൊടും നയിപ്പാൻ
പരമഗുണപയോധിയായ റൂഹാ
വരമരുളികൃതകൃതനാക്കിടേണം.

ജനനദുരിതമെന്നിയെ ജഗത്തിൽ
ജനനമതല്ലികലബ്ദ്ധയായ ധന്യ
ജനനിമറിയമിൻപമോടുമിസ—
ജ്ജനമണിതൻഹിതമേതുമേകിടേണം.

# "അമലോത്ഭവകന്യകയേ! ഞങ്ങളെ നീ സഹായിക്കേണമെ!"

("Vergine immacolata autateci")

(റവ. ഫാദർ അബ്രാഹം വടക്കയിൽ. ബി. ഏ. പി. എച്ച്. ഡി. ഡി. സി.)

വിശ്വവിശ്രുതമായ പ്രൊപ്പഗാന്താ കോളെജിന്റെ പ്രവേശനദ്വാരത്തിങ്കൽ അമലോത്ഭവകന്യകയുടെ അതിമനോഹരമായ ഒരു മാർബിൾപ്രതിമ സ്ഥിതിചെയ്യുന്നുണ്ട്. അതിന്റെ പീഠത്തിന്മേൽ അക്ഷരം കാണത്തക്കവിധം കൊത്തീട്ടുള്ള ഒരു സുകൃതജപമാണ് മേൽകാണിച്ചിരിക്കുന്നത്. അദ്യതനന്മാരായ പ്രൊപ്പഗാന്താ വിദ്യാർത്ഥികളിലാരും ആജീവനാന്തം അതു വിസ്മരിക്കുകയില്ലതന്നെ! ദൈനംദിനമുള്ള ആവൎത്തിതവും ഭക്തിയുക്തവുമായ ഉച്ചാരണംകൊണ്ട് അതവരുടെ ശ്രവണപുടങ്ങളിൽ മാത്രമല്ല, ഹൃദയകേദാരത്തിലും സുസ്ഥിരമായ പ്രതിഷ്ഠയെ പ്രാപിച്ചിട്ടുണ്ടായിരിക്കണം. പ്രൊപ്പഗാന്തയെ കൂടാതെ ഈ സുകൃതജപത്തെയൊ, ഈ സുകൃതജപം കൂടാതെ പ്രൊപ്പഗാന്തയേയൊ സ്മരിപ്പാൻ ദുസ്സാധമാവുമാറ് ഇവ രണ്ടും അത്ര അഭേദ്യമായി അവരുടെ മനോമുകുരത്തിൽ അന്യോന്യം പ്രതിഫലിച്ചിരിക്കും. ആശ്ചര്യാവഹമായ ഈ പാരമ്പര്യത്തിനാസ്പദമായ അത്ഭുതസംഭവം ഈ മാസത്തിൽ കുസുമവായനക്കാരെ അനുസ്മരിപ്പിക്കുന്നതു് അവസരോചിതമായിരിക്കുമെന്നു കരുതുന്നു.



ഭാഗ്യസ്മരണാർഹനായ ഒമ്പതാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടാണല്ലൊ കത്തോലിക്കാ മതതത്വങ്ങളിൽ എല്ലാംകൊണ്ടും അനന്യപ്രധാനമായ അമലോത്ഭവസിദ്ധാന്തം 1854-ൽ ഔദ്യോഗികമായി പ്രഖ്യാപനംചെയ്തതു്. ആ തിരുമേനിയുടെ ഭരണകാലത്തുതന്നെ, 1870-ൽ, തിരുസിംഹാസനത്തിന്റെ ലൗകികാധികാരം അപഹൃതമാവുകയും, അങ്ങനെ അവിടുന്നു വത്തിക്കാനിലെ തടവുകാരനാവുകയും ചെയ്യുന്നതിനുമുമ്പ്, പാപ്പാമാർ നിത്യനഗരത്തിൽ മാത്രമല്ല, അതിനു പുറമെയും യഥായുക്തം സഞ്ചരിക്കാറുണ്ടായിരുന്നു എന്ന വസ്തുത ചരിത്രജ്ഞന്മാൎക്കു് അജ്ഞാതമായിരിക്കയില്ല. മേല്പറഞ്ഞ രണ്ടു കാലഘട്ടങ്ങൾക്കും ഇടയിൽ ഒരിക്കൽ, പ്രസ്തൂയമാനനായ ആ പുണ്യശ്ലോകൻ വത്തിക്കാനിൽ നിന്നു നിത്യനഗരത്തിനു സമീപത്തുള്ള "സാന്തലസ്സാന്ത്രോ" എന്ന സ്ഥലത്തേയ്ക്കു പോകുംവഴി പുരാതനമായ, 'സന്താഞ്ഞേസ്സ്'' ദേവാലയത്തിൽ, ഇറങ്ങിത്താമസിക്കയുണ്ടായി. തിരുമേനിയും പരിജനങ്ങളും സ്വച്ഛന്ദം അവിടത്തെ പള്ളിമേടയുടെ വിസ്തൃതമായ വരാന്തയിൽ സല്ലപിച്ചുകൊണ്ടു് നില്ക്കവേ അവർ നിന്നിരുന്ന തട്ട് ആകസ്മികമായി അധഃപതിക്കുന്നതിനിടയായി. ഈശ്വരവിശ്വാസം തന്നെ മൂർത്തിമത്തായ തിരുമനസ്സുകൊണ്ട്, അന്യാദൃശമായ ഭക്ത്യാദരവിസ്രബ്ധതകളോടുകൂടി ഈ അപൽഘട്ടത്തിൽ ആകാശ

ത്തിലേക്കു കണ്ണുകളെ ഉയർത്തി മേല്പറഞ്ഞ അഭ്യർത്ഥനയെ ഉച്ചത്തിൽ ചൊല്ലുകയാണു ചെയ്തതു.

തന്റെ "സഹായത്തെ ഇരന്നവരിൽ ഒരുവനെയെങ്കിലും കൈവെടിഞ്ഞിട്ടില്ലാത്ത" ആ ഏത്രയും ദയയുള്ള മാതാവ്, അമലോത്ഭവസിദ്ധാന്ത പ്രഖ്യാപനം വഴിയായി തന്നെ മഹത്വപ്പെടുത്തിയ വാത്സല്യതനയന്റെ അപേക്ഷയെ ഉപേക്ഷിക്കാതിരുന്നതിൽ അത്ഭുതപ്പെടുവാനൊന്നുമില്ലല്ലൊ. മാർപ്പാപ്പാതിരുമേനിയും പരിവാരങ്ങളും, സ്വർഗ്ഗസ്ഥയായ ആ രക്ഷാകർത്രിയുടെ അനുഗ്രഹവർഷമാകുന്ന പിഞ്ഞരപ്രചലനത്താൽ, ലവലേശംപോലും പരുക്കേല്ക്കാതെ സർവ്വഥാ സുരക്ഷിതരായി നിർബാധം രണ്ടാംനിലയിൽനിന്ന് ഒന്നാം നിലയിലെത്തിയെന്നുപറഞ്ഞാൽ കഴിഞ്ഞു!!

പ്രസ്താവിതസംഭവം നടന്നസ്ഥലത്തുള്ള വിശാലമായ ഭിത്തിയിന്മേൽ, പ്രയോഗവിദഗ്ദ്ധനായ ഒരു ചിത്രകാരന്റെതൂലിക, ആ സംഭവത്തെ താദാത്മ്യത്തോടുകൂടെ ലേഖനം ചെയ്തിട്ടുണ്ടു്. രസകരങ്ങളായ പലേഘട്ടങ്ങളുടെ കൂട്ടത്തിൽ, തിരുമേനിയോടൊന്നിച്ചുണ്ടായിരുന്ന ഒരു പ്രൊപ്പഗാന്താവിദ്യാർത്ഥി പരിഭ്രാന്തചിത്തനായി ആകാശത്തെ ലക്ഷീകരിച്ചുനില്ക്കുന്ന മാർപ്പാപ്പാതിരുമനസ്സിലെ ചുള്ളിമാലയിൽ ആഞ്ഞുപിടിച്ചുനില്ക്കുന്നഭാഗം ഈ പ്രകൃതത്തിൽ പ്രത്യേകം പ്രസ്താവ്യമത്രെ.

ഇങ്ങനെ പരിശുദ്ധപിതാവു തിരുമനസ്സിലെ പരിവാരങ്ങളുടെ കൂട്ടത്തിൽ ഒരു പ്രൊപ്പഗാന്താവിദ്യാർത്ഥിയും ഉൾപെട്ടിരുന്നതുകൊണ്ടു് പ്രൊപ്പഗാന്താ കോളേജിന്റെ പ്രവേശനദ്വാരത്തിങ്കൽ, അമലോത്ഭവകന്യകയുടെ ഒരു വിശിഷ്ടപ്രതിമ സ്ഥാപിക്കയും, വിദ്യാർത്ഥികൾ, കോളേജിൽനിന്നു പുറത്തേക്കിറങ്ങുകയോ, കോളേജിലേക്കു മടങ്ങിവരുകയോ ചെയ്യുന്ന അവസരങ്ങളിലെല്ലാം, ടി. തിരുസ്വരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി, പ്രസ്താവിത സുകൃതജപം ഒരു "നന്മനിറഞ്ഞമറിയം" എന്നജപത്തോടുകൂടി ഉച്ചരിക്കണമെന്നു നിയമമുണ്ടാക്കുകയും ചെയ്തു. അന്നുതൊട്ടിന്നേവരെ പ്രൊപ്പഗാന്താ വിദ്യാർത്ഥികളിലാർക്കും അപകടഭൂയിഷ്ഠമായ നിത്യനഗരത്തിലെ തെരുവുകളിലോ മററു വല്ലിടത്തുമോ വച്ച് യാതൊരുതരത്തിലുള്ള ആപത്തും സംഭവിക്കാതിരിക്കുന്നതു്, സ്തുത്യർഹമായ ഈ അനുഷ്ഠാനത്തിന്റെ അവശ്യഫലമെന്നനുമിക്കുന്നതിൽ ആബദ്ധ്യമില്ലതന്നെ. ദിനവട്ടത്തിലെ മററുചടങ്ങുകൾക്കു പ്രാരംഭമായും, പ്രതിദിവസം അസംഖ്യം പ്രാവശ്യംവീതം പ്രൊപ്പഗാന്താവിദ്യാർത്ഥികൾ ടി. സുകൃതജപം ഭക്തിപൂർവം ഉച്ചരിച്ചുവരുന്നുണ്ടു്.

അമലോത്ഭവകന്യകയുടെ പ്രമാദരഹിതമായ സഹായാനുഗ്രഹങ്ങൾ പ്രാപിക്കണമെന്നിച്ഛിക്കുന്നഏവർക്കും ഈ സുകൃതജപം, അഭീഷ്ടസിദ്ധിക്കു പ്രയോജകീഭവിക്കുമെന്നു പരീക്ഷിച്ചുനോക്കിയാൽ അറിവാനിടയാകാതിരിക്കയില്ല.

## ചോദ്യപ്പെട്ടി.

("എറണാകുളം മിസ്സ്"ത്തിൽനിന്ന്)

ചോ: സുറിയാനി മിസ്സങ്ങളുടെ അതൃത്തിക്കകത്തുള്ള ലത്തീൻ ബോർഡിങ്ങുകളിൽ താമസിക്കുന്ന സുറിയാനി റീത്തുകാരായ കുട്ടികൾക്കോ ലത്തീൻപള്ളികളിൽ ധ്യാനിപ്പിക്കാനൊ മററാവശ്യങ്ങൾക്കൊ പോകുന്ന സുറിയാനിപ്പട്ടക്കാർക്കോ, സുറിയാനിക്കാർക്കു വിലക്കുള്ള ദിവസങ്ങളിൽ മാംസം ഉപയോഗിക്കാമൊ?

ഉ: അതാതുസ്ഥലത്തെ സുറിയാനി

പ്പള്ളിയുടെ വികാരിയുടെയോ സുറിയാനി മേലദ്ധ്യക്ഷൻെറയോ അനുവാദം വാങ്ങിയാൽ ഉപയോഗിക്കാം. ഈ കാൎയ്യത്തിൽ സുറിയാനിക്കാൎക്കു അനുവാദം കൊടുക്കുന്നതിനു മററുള്ളവൎക്കു അധികാരമില്ല. (എറണാകുളം മിസ്സം. Vol. IV. No. 3.)

ചോ: കൊന്തസഭയിൽ കൂടുന്നതിനു എന്തുചെയ്യണം?

ഉ: കൊന്തസഭ സ്ഥാപിച്ചിട്ടുള്ളേടത്തു ചേൎന്നു പേരെഴുതിക്കണം. ശ്രു. ദൊമിനീക്കോസു പുണ്യവാൻെറ കൊന്ത ആശീൎവ്വദിക്കാൻ അധികാരമുള്ള പട്ടക്കാരൻ വെഞ്ചരിച്ച കൊന്ത ഉപയോഗിച്ചെങ്കിലെ ഈ കൊന്തയുടെ ദോഷപൊറുതികൾ കിട്ടുകയുള്ളു.

ചോ: ഒരാൾ ദോഷപൊറുതിക്കായി ഉപയോഗിച്ചകൊന്തയൊ മററൊവേറൊരാൾ അതിനായി ഉപയോഗിച്ചാൽ ദോഷപൊറുതി ഈ ആൾക്കു കിട്ടുമൊ?

ഉ: കിട്ടും. അതു കേടുവന്നുപോകയൊ വില്ക്കയൊ ചെയ്തെങ്കിലേ ദോഷപൊറുതിപോകയുള്ളു.

ചോ: കൊന്ത പൊട്ടിപ്പോയാൽ ദോഷപൊറുതി പോകുമൊ?

ഉ: കമ്പിയൊ ചരടൊ പൊട്ടിപ്പോകയും അതുവേറെ കമ്പിയിലൊ ചരടിലൊ കോൎത്തു കെട്ടുകയും ചെയ്താൽ ദോഷപൊറുതി പോകയില്ല. കുരുക്കൾ മുമ്പു കെട്ടിയിരുന്ന ക്രമത്തിൽത്തന്നെ കെട്ടണമെന്നു നിബ്ബന്ധവുമില്ല. കുറെ കുരുക്കൾ പോകയും അവയ്ക്കു പകരം വേറെ ചേൎക്കയും ചെയ്താലും ദോഷപൊറുതി പോകയില്ല.

ചോ: കൊന്തനമസ്കാരം ചെയ്യുമ്പോൾ ദോഷപൊറുതികിട്ടുന്നതിനു എല്ലാവരുടെ പക്കലും കൊന്ത ഉണ്ടായിരിക്കണമൊ?

ഉ: ദൊമ്നീക്കോസുപുണ്യവാൻെറ കൊന്തയുടെ (കൊന്തസഭയുടെ) ദോഷപൊറുതികൾ കിട്ടുന്നതിനു ഒരാളുടെ പക്കൽ മാത്രം വെഞ്ചരിച്ച കൊന്ത ഉണ്ടായിരിക്കയും അതു അയാൾ കയ്യിൽ പിടിച്ചു പതിവുപോലെ എണ്ണം നോക്കുകയും ചെയ്താൽ മറ്റുള്ളവൎക്കും അതിൻെറ ദോഷപൊറുതി കിട്ടും. മററു ദോഷപൊറുതികൾക്കു ഓരോരുത്തരുടെ കയ്യിലും കൊന്തയുണ്ടായിരിക്കണം.

ചോ: കൊന്ത മുതലായതു പല ദോഷപൊറുതികൾക്കായി വെഞ്ചരിച്ചതാണെങ്കിൽ എല്ലാദോഷപൊറുതികളും ഒരുമിച്ചു ലഭിക്കുമൊ?

ഉ: ദൊമനീക്കോസു പുണ്യവാൻെറ കൊന്തയുടെയും കുരിശുസഭയുടെ കൊന്തയുടെയും ദോഷപൊറുതികൾ ഒരുമിച്ചു ലഭിക്കാവുന്നതാണ്. മററുള്ളവ ഓരോന്നായി മാത്രമെ ലഭിക്കാൻ പാടുള്ളു.

ചോ: കുരിശുസഭയുടെ കൊന്തയ്ക്കു എന്തു ദോഷപൊറുതിയാണുള്ളതു്?

ഉ: അതു കയ്യിൽ പിടിച്ചുകൊണ്ടു ഒരു „ആകാശങ്ങളിലിരിക്കുന്ന" യൊ ഒരു „നന്മനിറഞ്ഞ മറിയമെ" മാത്രം ചൊല്ലിയാലും ഓരൊ തവണക്കും അഞ്ഞൂറു ദിവസത്തെ ദോഷപൊറുതികിട്ടും.

ചോ: ദൊമനീക്കോസുപുണ്യവാൻെറ കൊന്തയുടെ ദോഷപൊറുതികൾ ലഭിക്കുന്നതിനു അഞ്ചു രഹസ്യങ്ങളും തുടൎച്ചയായി ചൊല്ലണമെന്നുണ്ടൊ?

ഉ: ഇല്ല. ഓരോ „ രഹസ്യങ്ങൾ ഇടവിട്ടു ചൊല്ലി ഒരു ദിവസംകൊണ്ടു തീൎത്താലും മതി. എന്നാൽ കൊന്തയുടെ „രഹസ്യങ്ങളെ" ക്കുറിച്ചു ധ്യാനിച്ചുകൊണ്ടുവേണം ചൊല്ലാൻ.

ചോ: രഹസ്യങ്ങളെക്കുറിച്ചുള്ള ഈ ധ്യാനം മററുകൊന്തകളുടെദോഷപൊറുതിലഭിക്കുന്നതിനും ആവശ്യമുണ്ടൊ?

ഉ: ഇല്ല.

## ഞാൻ അമലോൽഭവം ആകുന്നു.

(റവ. ഫാദർ സൈമൺ സി. ഡി.)

യൂറോപ്പു ഖണ്ഡത്തിൽ ധനപുഷ്ടികൊണ്ടും ജനബാഹുല്യത്താലും കീൎത്തിപെട്ട ഒരു വലിയ രാജ്യമാണ് ഫ്രാൻസ്. അതിൻെറ തെക്കുഭാഗത്തു ഇപ്പോൾ ലോകപ്രസിദ്ധമായ ഒരു പട്ടണമായി ശോഭിക്കുന്ന ലൂർദ്ദ്, പണ്ടെഴ

പത്തു കൊല്ലങ്ങൾക്കുമുമ്പു ഒരു ചെറിയ ഗ്രാമമായിരുന്നു. കഴിഞ്ഞ ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ ബെർണ്ണദേത്താ സുബെരീസ് എന്ന പേരോടുകൂടെ അവിടെ ഒരു പാവപ്പെട്ടബാലിക ജീവിച്ചിരുന്നു. ദൈവജനനിയുടെനേരെ അത്യന്തഭക്തിയുള്ളവളായ ഈ ബാലിക കുററമില്ലാത്ത ഒരു നിർമ്മല ജീവിതം കഴിക്കുന്നതിൽ പ്രത്യേകശ്രദ്ധ പ്രദർശിപ്പിച്ചിരുന്നു. 1858-ാം വർഷം കുംഭമാസം 11-ാം തീയതി ഇവൾ തന്റെ ഏതാനും സ്നേഹിതകളോടൊന്നിച്ചു, അടുത്തുള്ള ഒരു മലയിലേക്കു വിറകുശേഖരിപ്പാൻ പുറപ്പെട്ടു. മലയുടെ സമീപേ ചെന്നപ്പോൾ അവക്കു ഒരു ചെറിയ അരുവി കടക്കേണ്ടതായിവന്നു. ബെർണ്ണദേത്താ ഇരുന്നു് അവളുടെ ചെരുപ്പുകൾ അഴിച്ചുമാററാൻ തുടങ്ങുകയായിരുന്നു. പെട്ടന്നു വലിയ കൊടുങ്കാററടിക്കുന്നതുപോലെ ഒരു ശബ്ദംകേട്ടു. തലഉയത്തിനോക്കിയതിൽ വൃക്ഷശാഖകൾ അശേഷം ചലനമില്ലാതെ നില്ക്കുന്നതു കണ്ടു് അവൾ ആശ്ചര്യപ്പെട്ടു. സമീപസ്ഥിതമായ ഒരു വലിയ പാറയിലേക്കു യാദൃശ്ചികമായി അവൾ കണ്ണുകൾ ഉയത്തുകയിൽ, അതിലുള്ള ഒരു ഗുഹയിൽ വസ്ത്രാലങ്കാരവിഭൂഷിതയായ ഒരു രാജ്ഞി നില്ക്കുന്നതായികണ്ടു. പ്രകാശക്കതിരുകളാൽ ആവൃതയായും, സ്വർഗ്ഗീയസൌന്ദര്യത്താൽ പ്രശോഭിതയായും, കൃപാധിക്യത്താൽ സ്ഫുരിക്കുന്ന മുഖത്തോടുകൂടിയ ആ പരമനാഥയുടെ തൃപ്പാദങ്ങൾരണ്ടും പാറമേൽ ഊന്നിനിന്നിരുന്നെങ്കിലും സ്വർണ്ണമയമായ പനിനീർ പുഷ്പങ്ങൾ പാദതലങ്ങളിൽ ചൂഴ്ന്നു വികസിച്ചുനിന്നിരുന്നു. അരയിൽ കെട്ടിയിരുന്ന നീലവാറു് പാദംവരെ തൂങ്ങിക്കിടന്നിരുന്നു. ദന്തംപോലെ വെണ്മയേറിയ മണികൾകൊണ്ടുതീത്ത ഒരു ജപമാല കരത്തിൽ ധരിച്ചിരുന്നു. ഈ പരലോകകാഴ്ചയാൽ പരിഭ്രമിച്ചു ബെർണ്ണദേത്താധൃതിയിൽ തന്റെ കുപ്പായകീസയിലുണ്ടായിരുന്ന ജപമാലയെടുത്തു മുട്ടുകുത്തി പ്രാത്ഥിപ്പാൻതുടങ്ങി. പ്രത്യക്ഷയായ ആ ദിവ്യനാഥയും തദാരാ പ്രസാദിച്ചിട്ടെന്നപോലെ തന്റെ ജപമാല പ്രാത്ഥിപ്പാൻ ആരംഭിച്ചു. പ്രാത്ഥന അവസാനിച്ചശേഷം രാജ്ഞി അപ്രത്യക്ഷയായി. ബെർണ്ണദേത്തായുടെ സഖിമാരാകട്ടെ ഭക്തിപരവശയായി പ്രാത്ഥിച്ചുകൊണ്ടു നില്ക്കുന്ന തങ്ങളുടെ തോഴിയെ അല്ലാതെ മററുയാതൊന്നും ദർശിക്കയുണ്ടായില്ല. ഇതിനാൽ സംഭവങ്ങൾ പറഞ്ഞുകേട്ടപ്പോൾ അവക്കുണ്ടായ സഹതാപം പറയേണ്ടതില്ലല്ലൊ. ഗ്രാമത്തിലെങ്ങും ഈ വത്തമാനം അചിരേണ പരന്നു. ബെർണ്ണദേത്തായോടൊന്നിച്ചു പലയാളുകൾ ആസ്ഥലത്തേക്കു് പോയിത്തുടങ്ങി. ആ സ്വർഗ്ഗീയനാഥ പലഅവസരങ്ങളിലും വീണ്ടും അവൾക്കുപ്രത്യക്ഷയായി. എന്നാൽ ബാലികയുടെ മുഖം പ്രകാശിക്കുന്നതും, ചുണ്ടുകൾ ഇളകുന്നതുമല്ലാതെ മറെറാന്നും കാണുന്നതിനുമററുള്ളവക്കു സാധിച്ചിരുന്നില്ല.

ഇങ്ങനെ പല ദർശനങ്ങൾ കഴിഞ്ഞപ്പോൾ ഈ രാജ്ഞി ആരാണെന്നു ചോദിക്കണമെന്നു ജനങ്ങൾ ബെർണ്ണദേത്തായോടു ആവശ്യപ്പെട്ടു. മീനമാസം 25-ാംതീയതി തദനുസരണം അവൾ ഗുഹയുടെ മുമ്പാകെ ഹാജരായി. ഒട്ടു വളരെ ജനക്കൂട്ടവും അവളുടെപിമ്പിൽ സന്നിഹിതരായിരുന്നു. പതിവുപോലെ ബെർണ്ണദേത്താ മുട്ടുകുത്തി പ്രാത്ഥനആരംഭിച്ചു. പതിവുപോലെ ആ പരമനാഥയും തൽക്ഷണം പ്രത്യക്ഷയായി. ബാലികയുടെ മുഖംവിളങ്ങി; നേത്രങ്ങൾ ദീപസമാനം ശോഭിച്ചു. ആദരപൂർവ്വം ആ നാഥയോടു് അവൾ ഇപ്രകാരം ചോദിച്ചു. “ഓ സ്വാമിനീ! അങ്ങേതിരുനാമം എന്താണെന്നു അരുളിച്ചെയ്യുമാറാകണമേ. ഈ കൂടിയിരിക്കുന്ന ജനങ്ങളെല്ലാം അതറിവാൻ അത്യന്തം ആഗ്രഹിച്ചുനില്ക്കുന്നു. ഓ നാഥേ! ദയവായി അരുളിച്ചെയ്യണമേ!”

പ്രത്യക്ഷയായ രാജ്ഞി ഇതുകേട്ടു പ്രസാദഭാവം പ്രദർശിപ്പിച്ചതല്ലാതെ മറുപടി യാതൊന്നും പറഞ്ഞില്ല. ബെർണ്ണദേത്താ നിരാശപ്പെടാതെ വീണ്ടും വീണ്ടും നാലുപ്രാവശ്യംകൂടെ അശ്രുധാരയോടെ അപേക്ഷിച്ചു. അ

പ്പോൾ ആ നാഥ ഇരുകരങ്ങളേയും കൂപ്പി, പിന്നെ വിടുർത്തി, ജപമാലയെ വലത്തുകയ്യിലിട്ടശേഷം, ആശീർവാദം നൽകുമാറു തന്റെ കരങ്ങളെ അല്പം ഉയർത്തി, 'ഞാൻ അമലോത്ഭവം ആകുന്നു' എന്നശ്രുതിമധുരമായ സ്വരത്തിൽ അരുളിച്ചെയ്തശേഷം മറഞ്ഞു പോകയുംചെയ്തു. അമലോത്ഭവയായ ദൈവജനനിയാണ് ഇപ്രകാരം അവിടെ പ്രത്യക്ഷയായതെന്നു ബെർണ്ണദേത്താ ഗ്രഹിക്കയും വിവരം കൂടിയിരുന്നജനക്കൂട്ടത്തെ അറിയിക്കയും ചെയ്തു.

ഈ സ്ഥലത്തുവച്ചു ബെർണ്ണദേത്തായിക്കു പതിനെട്ടുപ്രാവശ്യം ദൈവജനനിയുടെ അത്ഭുതദർശനം ഉണ്ടായിട്ടുണ്ട്. ഒരുതവണ ഗുഹയിലെ ഓലിയിൽനിന്ന് വെള്ളംകുടിക്കുന്നതിനു അമലോത്ഭവനാഥ അവളോടു കല്പിച്ചു. പെട്ടെന്നു അത്ഭുതകരമായി അവിടെപ്രത്യക്ഷപ്പെട്ട ഒരു ഓലിയിൽനിന്നു സകലരോഗശമനത്തിന്നും ഉപകരിക്കുന്ന ഒരു സിദ്ധൌഷധമെന്നപോലെ ധാരാളമായി നിർമ്മലജലം ഇന്നും പുറപ്പെട്ടുകൊണ്ടിരിക്കുന്നു. അതു വഴിയായി നടന്നുകൊണ്ടിരിക്കുന്ന അത്ഭുതസംഭവങ്ങൾ നിരവധിയെന്നേ പറയേണ്ടതുള്ളു. അവിടെ ഒരു ദേവാലയം പണിയിപ്പാൻ വൈദികരോടറിയിക്കണമെന്നു ഒരിക്കൽ ദൈവജനനി ബെർണ്ണദേത്തായോടു ആജ്ഞാപിച്ചു. വൈദികാധികാരികൾ ആദ്യം ഇതു അത്ര സാരമായി കരുതുകയുണ്ടായില്ല. കടശി സ്ഥലത്തെ മെത്രാൻ ഈ സംഗതികളെപ്പറ്റി ദീർഘനാളത്തേയ്ക്കു കൃത്യമായ പരിശോധനകൾ നടത്തിയശേഷം 1871-ൽ അവിടെ ഒരു ദേവാലയം പണിയിച്ചു. എന്നാൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അവിടെ എത്തിത്തുടങ്ങിയ തീർത്ഥയാത്രക്കാരുടെ ആധിക്യം നിമിത്തം ആദ്യത്തെ പള്ളി പോരാതെ വന്നതിനാൽ 1884—ൽ ബൃഹമാണ്ഡമായ വേറൊരുദേവാലയം പണിയാരംഭിക്കയും 1901—ൽ അതുപണി തീർത്ത് ആഘോഷമായി കൂദാശ ചെയ്യുകയുമുണ്ടായി. 1908-ൽ പ്രസിദ്ധപ്പെടുത്തിയ ഒരു കണക്കിൻപ്രകാരം ആ കൊല്ലം 13 ലക്ഷത്തിൽപ്പരം തീർത്ഥയാത്രക്കാർ ലോകത്തിന്റെ വിവിധ വിഭാഗങ്ങളിൽ നിന്നായി അവിടെ എത്തിയിരുന്നു. ഈ കൂട്ടത്തിൽ നാലു കർദ്ദിനാളന്മാരും, മുപ്പത്തെട്ടു മെത്രാപ്പോലീത്താമാരും, 135 മെത്രാന്മാരും, അനേകായിരം പട്ടക്കാരും ഉൾപ്പെട്ടിരുന്നതായി കാണുന്നു. സഹസ്രക്കണക്കിനു രോഗികൾ ആണ്ടോടാണ്ടു ഇവിടെ അത്ഭുതകരമായി സുഖം പ്രാപിച്ചുവരുന്നു. കീർത്തിപെട്ട ഡോക്ടറന്മാരടങ്ങിയ ഒരു സംഘം ഈ രോഗശമനങ്ങളെ പരിശോധിച്ചു സാക്ഷിപ്പെടുത്തുന്നതിന്നായിതന്നെ അവിടെ നിയമിക്കപ്പെട്ടിട്ടുണ്ട്. 1914—ലെ ദിവ്യകാരുണ്യ മഹാസംഘം ഇവിടെവച്ചാണ് നടന്നതു്. അന്നു അവിടെ പ്രസംഗിച്ച ഡൊമ്മിനീക്കോസു സഭക്കാരനായ ജാൻവിയർ എന്ന ദേഹം പ്രസ്താവിച്ചതുപോലെ "മുടന്തന്മാർ നടക്കുന്നു, ചെകിടന്മാർ കേൾക്കുന്നു, കുരുടന്മാർ കാണുന്നു" എന്ന സുവിശേഷ വചനങ്ങൾ അക്ഷരാർത്ഥത്തിൽ ലൂർദിൽ നിറവേറിക്കൊണ്ടിരിക്കയാണ് ചെയ്യുന്നതു്.

ബെർണ്ണദേത്താ 1866 ജൂലൈ 8-ാം തീയതി ഉപവിയുടെ കന്യാസ്ത്രീകളുടെ ഒരു മഠത്തിൽ ചേർന്നു. അതിൽപ്പിന്നെ അവൾക്കു കാഴ്ചകളോ പരവശങ്ങളോ ഒന്നും ഉണ്ടായിട്ടില്ല. എളിമയുടെയും ക്ഷമയുടെയും മാതൃകയായ ഒരുത്തമ കന്യകയായി അവൾ ജീവിതം നയിച്ചു. 1879 ഏപ്രിൽ 15-ാംനു- നെവേർസിലെ കന്യകാമഠത്തിൽവച്ചു മുപ്പത്തഞ്ചാമത്തെവയസ്സിൽ പുണ്യകീർത്തിയോടെ അവൾമരണംപ്രാപിക്കയും ചെയ്തു. 1913 ആഗസ്റ്റ 13-ാംനു- പത്താം പീയൂസു മാർപ്പാപ്പാ അവളെ ധന്യഎന്നു നാമകരണം ചെയ്കയുമുണ്ടായി.

അമലോത്ഭവ ദൈവജനനിയുടെ സാക്ഷാലുള്ളമക്കൾ ഈ അമ്മയുടെ കുറ്റമില്ലായ്മയെ കണ്ടുപഠിപ്പാൻ ആവശ്യമായിരിക്കുന്നു.

# ജ്ഞാനസ്നാനം. (തുടർച്ച)

(റവ: ഫാദർ തോമ്മസ്സ് കളം.)

**ജ്ഞാ**നസ്നാനപ്പെടുന്നആളിൻെറ ഭുജത്തിന്മേലും മാറിലും വിശുദ്ധതൈലം പൂശുന്നതെന്തിനാകുന്നു? പൂർവ്വകാലത്ത് രംഗപ്രവേശനത്തിനു മുൻപായി പോരാളികൾ എണ്ണയാൽ പൂശപ്പെടുക പതിവായിരുന്നു. അതുപോലെതന്നെ ലോകം, പിശാച്. ശരീരം എന്നീത്രിവിധ ശത്രുക്കളോട് സധൈര്യം പോരാടുന്നതിനും മ്ശിഹായുടെ പ്രമാണമായ നുകത്തെ അക്ഷീണനായി തൻെറ തോളിന്മേൽ വഹിക്കുന്നതിനും അധ്വാനമേറിയതായ ഈ ലോകജീവിതത്തിൽ ദൈവത്തിനും തൻെറ കല്പനകൾക്കും കീഴടങ്ങി ജീവിക്കുന്നതിനുള്ള സ്ഥിരവിശ്വാസമുണ്ടാകുന്നതിനും വേണ്ടി ജ്ഞാനസ്നാനത്തിൽ ഭുജത്തിലും മാറിലും വിശുദ്ധതൈലം പൂശുന്നു എന്ന് വിശുദ്ധന്മാരായ അംബ്രോസീസ്, ക്രിസോസ്തോമോസ്, ആദിയായ വിദ്യാപാരഗന്മാർ വ്യാഖ്യാനിക്കുന്നു.

നീ ജ്ഞാനസ്നാനപ്പെടുവാൻ മനസ്സാകുന്നുവോ എന്നു വ്യക്തമായി വൈദികൻ ചോദിക്കുന്നതു എന്തിനാണ്?

ആദം വഴിയായി ഒരു മനുഷ്യൻ തൻെറ സ്വതന്ത്ര മനസ്സാലെ പിശാചിനെ അനുസരിച്ചതിനാൽ ജ്ഞാനസ്നാനം വഴിയായി ക്രിസ്തീയവിശ്വാസികളുടെ എണ്ണത്തിൽ ചേർന്ന് നിത്യരക്ഷ പ്രാപിക്കുന്നതിന് തൻെറ സ്വതന്ത്ര മനസ്സാലെ ദൈവകല്പനകളെ അനുസരിക്കേണ്ടിയിരിക്കുന്നു എന്ന് അനുസ്മരിപ്പിക്കുന്നതിന്നാകുന്നു.

മൂന്നുപ്രാവശ്യം തലയിൽ വെള്ളം ഒഴിക്കുന്നതിൻെറ സാരം എന്ത്?

മിശിഹാ മരിച്ചിട്ടു മൂന്നാംനാൾ മാത്രമെ ഉയിർത്തുള്ളൂ. അതുപോലെ തുടർച്ചയായ മൂന്നു ക്ഷാളനങ്ങൾകൊണ്ടു മാത്രമെ മനുഷ്യൻ പാപബന്ധനത്തിൽനിന്ന് മോചിക്കപ്പെടുന്നുള്ളു എന്ന് കാണിക്കുവാനാണെന്ന് വി. ഗ്രീഗോറിയോസ് അഭിപ്രായപ്പെടുന്നു. പുരാതനകാലത്ത് ജ്ഞാനസ്നാനാർത്ഥികളെ മൂന്നുപ്രാവശ്യം വെള്ളത്തിൽ മുക്കിയിരുന്നു. എന്നാൽ ഇന്നാകട്ടെ പലേകാരണങ്ങളാൽ ഈ നടപ്പ് നിറുത്തൽ ചെയ്തിരിക്കയാണ്.

സ്നാനാർത്ഥിയുടെ ഉച്ചിയിൽ വി. തൈലം പൂശുന്നതെന്തിനാണ്?

ഈ പൂശൽമൂലം സ്വർഗ്ഗീയകിരീടത്തിനു ഒരാളവകാശിയായിത്തീരുന്നുവെന്ന് സൂചിപ്പിക്കപ്പെടുന്നു. കൂടാതെയും പഴയനിയമത്തിൽ രാജാക്കളെ പൂശുക പതിവായിരുന്നു. അതനുസരിച്ച് (1രാജാ. 11) ഈശോയെയും ഒരിക്കൽ വിശുദ്ധതൈലത്താൽ അഭിഷേകം ചെയ്തല്ലോ. ഇതിനെ ആസ്പദമാക്കിക്കൊണ്ടാണ് ഒരു തിരഞ്ഞെടുക്കപ്പെട്ട വംശം രാജകീയപൗരോഹിത്യം, ഒരു വിശുദ്ധ ജനം എന്നീസംജ്ഞകളാൽ വി. പത്രോസ് ക്രിസ്ത്യാനികളെ അഭിവാദ്യം ചെയ്യുന്നതു്. (1 Peter II. 9) ഈ കാരണങ്ങളാൽ ജ്ഞാനസ്നാനപ്പെട്ടവൻ തൈലാഭിഷേകം മൂലം മിശിഹായോട് യോജിക്കയും തൻെറ പൗരോഹിത്യസ്ഥാനത്തിലും രാജകീയ പദവിയിലും ഭാഗഭാക്കായിത്തീരുകയും ചെയ്യുന്നു. ഒരു ക്രിസ്ത്യാനിയുടെ സ്ഥാനം എത്രയോ ഉന്നതമായതു്! അവൻ മ്ശിഹായുടെ അഭിഷിക്തനും പ്രാർത്ഥന, നമസ്കാരം, ആത്മസംയമനം, ബലി, ആദിയായവയിൽ അവൻ ദൈവമായ കർത്താവിൻെറ പക്കലേക്ക് അനുദിനം സമീപിക്കുന്നതിനാൽ ജ്ഞാനാർത്ഥത്തിൽ അവൻ ഒരു പുരോഹിതനും കൂടി ആകുന്നു. തൻെറ ആശയാഗ്രഹങ്ങളെ എല്ലാം ശരിയായി നിയന്ത്രിക്കുന്നതിനാൽ അവനെ ഒരു നൃപൻഎന്നും കൂടി നാമകരണം ചെയ്യാം. കൂടാതെയും ജ്ഞാനസ്നാനം വഴിയായി അവൻ സ്വർഗ്ഗരാജ്യത്തിന് അവകാശിയായിത്തീരുന്ന

തിനാലും രാജത്വം പ്രാപിക്കുന്നുണ്ടു്. വിശുദ്ധ തൈലം പൂശൽമൂലം അവൻ പരിശുദ്ധാത്മാവിയുടെ ആലയവുമാകുന്നു.

സ്നാനപ്പെടുന്നവൻെറ മാറിലിടുന്ന വെള്ളശ്ശീല എന്തിനെ സൂചിപ്പിക്കുന്നു?

ജ്ഞാനസ്നാനം വഴിയായി നാം വീണ്ടും ജനിച്ചതുടങ്ങുന്നതായ ആ പുതിയ ജീവിതത്തിൻെറ മഹിമയേയും ജ്ഞാനസ്നാനത്താൽ കഴുകി വെടിപ്പാക്കപ്പെട്ട ആത്മാവിൻെറ ശുദ്ധതയേയും നൈർമ്മല്യത്തേയും, ഭംഗിയേയും ജ്ഞാപകപ്പെടുത്തുന്നതു കൂടാതെ ആയുഷ്ക്കാലം മുഴുവൻ നിഷ്ക്കന്മഷ ജീവിതം നയിക്കണമെന്നും അതു സൂചിപ്പിക്കുന്നു എന്നു സഭാപിതാക്കന്മാർ പറിപ്പിക്കുന്നു.

ഒരു മെഴുകുതിരി കത്തിച്ചു സ്നാനാർത്ഥിയുടെ കയ്യിൽ കൊടുക്കുന്നതെന്തിനാണു?

അജ്ഞതയുടേയും പാപത്തിൻേറയും നിഴലിൽ നിന്നു് ജ്ഞാനസ്നാനപ്പെട്ടയാൾ സ്വതന്ത്രമായിട്ടു് ക്രിസ്തീയ തത്വങ്ങളെ സ്വീകരിച്ചു എന്നുള്ളതിനു് ഒരു ലക്ഷ്യവും തൻെറ ബുദ്ധിയെ പ്രകാശിപ്പിച്ചു് സൽപന്ഥാവിൽ കൂടി നിർബാധമായി യാത്ര ചെയ്യുന്നതിനു് ഒരു മാർഗ്ഗദർശിയും, ദൈവസ്നേഹത്തിൻേറയും പരസ്നേഹത്തിൻേറയും ഒരു ചിഹ്നമായ തൻെറ ആയുഷ്കാലം മുഴുവൻ വഹിച്ചുകൊണ്ടു വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതായ ആ അഞ്ചു വിവേകമുള്ള കന്യകളേപോലെ (മത്തായി xxv, 13) മരണാനന്തരം സ്വർഗ്ഗലോകത്തിലേക്കുള്ള മാർഗ്ഗമദ്ധ്യേ കർത്താവിനെ കാണുന്നതിനും അവിടെ ആ നിത്യ വിവാഹ വിരുന്നിനു് പ്രവേശനം ലഭിക്കുന്നതിനും ഇതു് ഒരു സാക്ഷിപത്രവും ആകുന്നു. കൂടാതെയും നല്ലദൃഷ്ടാന്തത്തിൻെറ കെടാത്ത ഒരു വെളിച്ചത്തേയും ഇതു സൂചിപ്പിക്കുന്നുണ്ടു്.

ഈ കൂദാശയുടെ കാർമ്മികനാരാകുന്നു?

സാധാരണമായി ഈ കൂദാശയെ അനുഷ്ഠിക്കുന്നതു് തിരുസ്സഭയുടെ വൈദികനാകുന്നു. എന്നാൽ അത്യാവശ്യാവസരങ്ങളിൽ ഏതു പുരുഷനും സ്ത്രീക്കുമെന്നല്ലാ മാതാവിനും പിതാവിനും കൂടെയും ജ്ഞാനസ്നാനപ്പെടുത്താവുന്നതാകുന്നു. മററു കത്തോലിക്കരെ ലഭിക്കാൻ പ്രയാസം നേരിടുന്ന ഘട്ടങ്ങളിൽ മാത്രമെ സ്വന്ത മാതാവിനെ, പിതാവിനെ, മാമ്മോദീസാ കൊടുക്കുവാൻ അനുവദിച്ചിട്ടുള്ളു. ക്രിസ്ത്യാനി ഇല്ലാത്ത ഘട്ടത്തിൽ ക്രിസ്ത്യേതരന്മാർക്കുകൂടെയും ഈ കൂദാശ കൊടുപ്പാൻ പാടുണ്ടു്.

വീട്ടുമാമ്മോദീസായിൽ പ്രത്യേകം ഗൌനിക്കേണ്ട സംഗതിയെന്താണു്? ഈ മാമ്മോദീസായിൽ ഉപയോഗിക്കേണ്ടതു് വെറും സ്വാഭാവികജലമായിരിക്കണം. ഇതു് കുട്ടിയുടെ തലയിൽ ഒഴിക്കുന്നതിനോടുകൂടെത്തന്നെ (ബാവായുടേയും, പുത്രൻെറയും, റൂഹാദക്കുദശായുടേയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു.) ജ്ഞാനസ്നാനപ്പെടുത്തുന്നതിൽ തിരുസ്സഭയ്ക്കുള്ള ഉദ്ദേശത്തോടുകൂടെ ചെയ്യുന്നുവെന്നുള്ള നിയോഗം ഉണ്ടാകേണ്ടതാകുന്നു.

## ആർസ്സിലെ വികാരിയുടെ വേദോപദേശക്ലാസ്സ്.

(റവ. പി. വി.)

### 1 നിത്യരക്ഷ.

ഭൂലോക ജീവിതത്തിൻെറ ഉദ്ദേശം പോലും അറിയാത്തവരായ ക്രിസ്ത്യാനികൾ അനേകരുണ്ടു്. 'ഹാ! എൻെറ ദൈവമേ! നീ എന്തിനാണു് എന്നെ ലോകത്തിൽ സൃഷ്ടിച്ചിരിക്കുന്നതു്? എൻെറ ആത്മാവിനെ രക്ഷിപ്പാനത്രെ. ഞാൻ രക്ഷപ്രാപിക്കണമെന്നു നീ അനുഗ്രഹിക്കുന്നതോ? അതു നിന്നെ ഞാൻ സ്നേഹിക്കുന്നതുകൊണ്ടുതന്നെ?

ദൈവം നമ്മെ സ്നേഹിക്കുന്നതുമൂലമാണ് അവിടുന്നു നമ്മെ ലോകത്തിൽ സൃഷ്ടിച്ചിരിക്കുന്നതു്. നാം രക്ഷപ്രാപിക്കണമെന്നാണ് അവിടത്തെ ആഗ്രഹം. എന്തുകൊണ്ടെന്നാൽ അവിടന്നു നമ്മെ സ്നേഹിക്കുന്നു. രക്ഷപ്രാപിക്കുന്നതിനു നാം ദൈവത്തെ അറികയും, സ്നേഹിക്കയും, സേവിക്കയും വേണം. ഹാ! അതു എത്രമനോഹരമായ ജീവിതം! അതെ, ദൈവത്തെ അറികയും സ്നേഹിക്കയും സേവിക്കയും ചെയ്യുന്നതു് ഏററം ശ്രേഷ്ടവും മനോഹരവുമായതത്രെ. ഈ ലോകത്തിൽ ചെയ്യേണ്ടതായ മറെറാന്നും നമുക്കില്ല. നാം ചെയ്യുന്ന മററുപ്രവൃത്തികളെല്ലാം വെറും സമയനഷ്ടം തന്നെ. ദൈവത്തിനായിട്ടുമാത്രം നാം പ്രവൎത്തിക്കയും, നമ്മുടെ സകല കൃത്യങ്ങളും അവിടത്തെ തിരുക്കരങ്ങളിൽ നാം സമൎപ്പിക്കയുംചെയ്യണം. രാവിലെ ഉണരുമ്പോൾ തന്നെ നമുക്കിപ്രകാരം പറയാം. 'ഓ! എൻെറദൈവമെ, ഇന്നുസകലവും നിനക്കായിട്ടു മാത്രം പ്രവൎത്തിക്കുന്നതിനുഞാൻ ആഗ്രഹിക്കുന്നു; നീ എനിക്കു അയക്കുന്ന സകലവും നിന്നിൽ നിന്നു വരുന്നവയായിട്ടുതന്നെ ഞാൻ സ്വീകരിക്കുന്നു; എന്നെ ഒരു ബലിയായിട്ടു നിനക്കു ഞാൻ സമൎപ്പിക്കയും ചെയ്യുന്നു. എന്നാൽ ഓ! ദൈവമെ, നിന്നെക്കൂടാതെ ഒന്നും ചെയ്വാൻ ഞാൻ ശക്തനല്ല. അതിനാൽ എന്നെ നീ സഹായിക്കേണമെ.'

ഇന്ദ്രിയനിഗ്രഹങ്ങളിലും, പ്രാൎത്ഥനയിലും നന്മപ്രവൃത്തികളിലും, നമ്മെക്കുറിച്ചുള്ള എളിയ ചിന്തകളിലും പാപങ്ങളെ ഓൎത്തുള്ള കരച്ചിലിലും നമ്മുടെ സമയം വിനിയോഗിക്കേണ്ടതിനു പകരം, അതിനെ സുഖഭോഗങ്ങളിലും, ഉപയോഗശൂന്യമായ സംസാരങ്ങളിലും ചെലവഴിച്ചതിനെക്കുറിച്ചു മരണസമയത്തു് എത്ര കഠിനമായി വിലപിക്കേണ്ടിവരും! ആകാശരാജ്യത്തിനായി ഒന്നും തന്നെചെയ്യിട്ടില്ലെന്നു അപ്പോൾ നാം കാണും. അയ്യോ! പ്രിയകുഞ്ഞുങ്ങളേ, ഇതെത്ര സങ്കടകരം! ക്രിസ്ത്യാനികളിൽ മുക്കാൽഭാഗവും, മരണം പ്രാപിച്ചു നശിച്ചു പോകുന്ന ശരീരത്തിൻെറ സുഖത്തിനായിട്ടുമാത്രം പ്രയത്നിക്കുന്നവരത്രേ. നിത്യമായ സന്തോഷമോ, സന്താപമോ അനുഭവിക്കേണ്ടതായ ആത്മാവിനെക്കുറിച്ചാകട്ടെ അവൎക്കു ഒരു ചിന്തയുമില്ല. ഇതു് ഒരുത്തനെ എത്രമാത്രം ഭയവിഹ്വലനാക്കിച്ചെയ്യുന്നു!

ലോകത്തിൻ വലിയ ഒച്ചപ്പാടുണ്ടാക്കുന്ന ഒരു മനുഷ്യനേതന്നെ സൂക്ഷിക്ക. വിശ്രമലേശമെന്നിയേ സദാ അവൻ പ്രയത്നിക്കുന്നു. വലിയവനെന്നു സ്വയം നടിക്കയും, മററുള്ളവരുടെമേൽ ഭരണം നടത്തുന്നതിനുപോലും ആഗ്രഹിക്കയും ചെയ്യുന്നു. അവൻെറ ഭാവംകണ്ടാൽ 'നീ മറയത്തു പൊയ്ക്കൊൾക; നിനക്കുപകരം ഭൂമിയെ ഞാൻ പ്രകാശിപ്പിച്ചുകൊള്ളാം' എന്നു സൂൎയ്യനോടു പറയുന്നതുപോലെ തോന്നിപ്പോകുന്നു. എന്നാൽ അഹംഭാവിയായ ആ മനുഷ്യനും, പുഴവെള്ളത്തിൽ അലിഞ്ഞു കടലിൽ ലയിക്കുന്ന ഒരു പിടിപൊടിയായി പരിണമിച്ചുപോകും. പ്രിയകുഞ്ഞുങ്ങളേ, നാമെല്ലാവരും റോഡുകളിൽ ചുഴലിക്കാററിൽ പൊങ്ങിവരുകയും, ക്ഷണത്തിൽ നാലുപാടും പറപ്പിക്കപ്പെടുകയും ചെയ്യുന്ന വെറും പൊടി മാത്രമാണെന്നു പലപ്പോഴും ഞാൻ വിചാരിച്ചുപോയിട്ടുണ്ടു്. നമ്മുടെ സഹോദരീസഹോദരന്മാർ മരണം പ്രാപിച്ചിട്ടുണ്ടായിരിക്കും. അവർ ഇപ്പോൾ എന്തു്? അവരെല്ലാവരും ഞാൻ പറഞ്ഞതുപോലെ ഇതാ പൊടിയായി പരിണമിച്ചിരിക്കുന്നു.

ആത്മരക്ഷ ഏററം പ്രയാസമെന്നു ലൌകികമനുഷ്യർ വിലപിക്കുന്നു. എന്നാൽ ഇതുപോലെ എളുപ്പമായ മറെറാന്നില്ല. ദൈവത്തിൻേറയും തിരുസ്സഭയുടേയും കല്പനകളെ അനുവൎത്തിക്കുക; തലപ്പെട്ട ദോഷങ്ങളെ പരിത്യജിക്കുക; മററുവിധത്തിൽ പറയുന്നതായാൽ പാപം വെറുത്തു പുണ്യം സമ്പാദിക്കുക. അതുമാത്രം; അതെ അതുമാത്രം നിത്യരക്ഷക്കാവശ്യം.

സ്വന്തആത്മാവിനെ രക്ഷിക്കുന്നതിനും, നിത്യരക്ഷപ്രാപിക്കുന്നതിനും യത്നിക്കുന്ന നല്ല ക്രിസ്ത്യാനികൾ സ

ദാ സന്തുഷ്ടരും സംതൃപ്തരുമായി പ്രത്യക്ഷപ്പെടുന്നു. ഇഹത്തിൽ വച്ചുതന്നെ മോക്ഷഭാഗ്യത്തെ അവർ രുചിക്കുന്നു. നിത്യം അതിനെ അവർ അനുഭവിക്കയും ചെയ്യും. നേരെമറിച്ച് ആത്മനാശം വരുത്തുന്ന ദുഷ്ക്രിസ്ത്യാനികളെ നോക്കുക. അവരെക്കുറിച്ചു നാം സഹതപിക്കേണ്ടിയിരിക്കുന്നു. അവർ സദാ പിറുപിറുക്കുന്നു; ഖേദിക്കുന്നു; നിർഭാഗ്യരായി കാണപ്പെടുന്നു. നിത്യം ആ സ്ഥിതിയിൽതന്നെ അവർ ജീവിക്കയും ചെയ്യും. ഹ! ഇവർ തമ്മിൽ എത്ര അന്തരം!

ദൈവത്തിനു സമർപ്പിക്കപ്പെട്ടവാൻ അനുയോജ്യമല്ലാത്ത ഒന്നും പ്രവർത്തിക്കാതിരിക്കുന്നതു് നിത്യരക്ഷ പ്രാപിപ്പാൻ ഏററം പററിയ ഒരു ഉപായം വഴിയാകുന്നു. പരദൂഷണം, അസഭ്യസംഭാഷണം, അനീതി, കോപം, ദൈവദൂഷണം, പരോപദ്രവം ആദിയായവ ഒന്നും ദൈവത്തിനു സമർപ്പിക്കപ്പെട്ടവാൻ തക്കവയല്ല. അതിനാൽ അവസ്തു പകരം പുണ്യങ്ങളെയാണ് നാം സമ്പാദിക്കേണ്ടതു്....

പ്രിയകുഞ്ഞുങ്ങളേ, രക്ഷസ്സു നമ്മെ ആശ്രയിച്ചിരിക്കുന്ന ഒരു ആത്മാവു നമുക്കുണ്ടെന്നും, നമ്മെ പ്രതീക്ഷിക്കുന്ന ഒരു നിത്യജീവിതം സ്ഥിതിചെയ്യുന്നവെന്നും നാം വിസ്മരിച്ചുകളയരുതു്. ലോകവും, അതിലെ സമ്പാദ്യങ്ങളും, ബഹുമതിയും എല്ലാം നശിച്ചുപോകും. സ്വർഗ്ഗവും നരകവും ആകട്ടെ ഒരിക്കലും നശിക്കയില്ല. അതിനാൽനമുക്ക ശ്രദ്ധയുള്ളവരായിരിക്കാം. വിശുദ്ധന്മാരെല്ലാവരും നന്നായി ആരംഭിച്ചില്ല. പക്ഷെ അവരുടെ അവസാനം വളരെനന്നായിട്ടുതന്നെയായിരുന്നു. നമ്മളും മൌനമായി ആരംഭിച്ചുപോയി. നന്നായിട്ടുതന്നെ നമുക്കും ജീവിതം അവസാനിപ്പിക്കാം. എന്നാൽ ഒരിക്കൽ സ്വർഗ്ഗത്തിൽ ആ വിശുദ്ധന്മാരെ സന്ദർശിക്കുവാൻ നമുക്ക സാധിക്കും. ആമ്മേൻ.

---

# തിരുഹൃദയഭക്തന്മാർ ൧൦൨൦ ധനുവമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## ഞായറാഴ്ചയുടെ ആചരണം.

കടമുള്ള ദിവസങ്ങളെ ആചരിക്കണം എന്നുള്ളതു പത്തു പ്രമാണങ്ങളിൽ ഒന്നാണ്. മനുഷ്യൻെറ ശരീരത്തിനും ആത്മാവിനും ആഴ്ചയിൽ ഒരു ദിവസമെങ്കിലുമുള്ള ആശ്വാസം അത്യന്താപേക്ഷിതമാണെന്നു കണ്ടുകൊണ്ടാണ ദയാനിധിയായ സർവ്വേശ്വരൻ ഈ നിയമം വെച്ചിരിക്കുന്നതു്. ഒരു ദിവസമെങ്കിലും ഇടയ്ക്കു ആശ്വസിക്കാതെ മനുഷ്യൻ അദ്ധ്വാനിക്കുന്നതായാൽ ശരീരം വേഗം ക്ഷീണിച്ചു പിന്നീടു ഒട്ടും വേലചെയ്യാൻ നിവൃത്തിയില്ലാതായിതീരുമെന്നു നമുക്ക ഏററക്കുറെ അനുഭവസിദ്ധമാണു്. ആകയാൽ ഇടയ്ക്കിടയ്ക്കു ആശ്വസിക്കുന്നതു ശരീരസുഖത്തിനു ഒഴിച്ചുകൂടാത്ത ആവശ്യമാണു്. ആത്മീയഗുണത്തിനും ലൌകികജോലികളിൽനിന്നു ചിലപ്പോഴെല്ലാംഒഴിഞ്ഞിരുന്നു വിശ്രമിക്കുന്നതിനു അത്യാവശ്യമാണ്. ലൗകികങ്ങളായ ഓരോരോ ജോലികൾ ചെയ്യുന്ന നേരത്തും നാം ദൈവത്തെ സദാ ഓർമ്മിച്ചുകൊണ്ടിരിക്കേണ്ടതാണെങ്കിലും അങ്ങിനെ ചെയ്യുന്നവർ നന്നാ ചുരുങ്ങും. മനുഷ്യൻെറ ശരീരത്തിനു ആശ്വാസം അത്യാവശ്യമാണെങ്കിൽ അവൻെറ ആത്മാവിനു ദൈവത്തെക്കുറിച്ചുള്ള ചിന്തയും ദൈവത്തോടുള്ള പ്രാർത്ഥനയും അതിലും ആവശ്യമാണ്. ഈ ചുമതല കൂടുതൽ സൌകൎയ്യമായി നിർവ്വഹിക്കുന്നതിനു മറെറല്ലാം ജോലികളും ഉപേക്ഷിച്ചു ഒരു ദിവസം പ്രത്യേകമാ

യി ഈ കാൎയ്യത്തിനായി നീക്കിവെക്കുന്നതു് വളരെ പ്രയോജനകരമാണു്. ഈ കാരണങ്ങൾ നിമിത്തമാണു ദൈവം ആഴ്ചയിൽ ഒരു ദിവസം ശുദ്ധമായി ആചരിക്കണമെന്നു വളരെ നിൎബ്ബന്ധപൂൎവ്വം ആജ്ഞാപിച്ചിരിക്കുന്നതു. ഈ കല്പനയുടെ ഗൌരവം മനുഷ്യർനല്ലപോലെ ഗ്രഹിക്കുന്നതിനു വേണ്ടി ദൈവം ആദ്യകാലങ്ങളിൽ വിശുദ്ധദിവസം ആചരിക്കാത്തവരെ മരണശിക്ഷക്കുപോലും വിധിച്ചതായി വേദപുസ്തകത്തിൽ കാണുന്നുണ്ടു്.



ഇത്രപ്രധാനമായ ഈ കല്പന ആചരിക്കാതെ ചില ക്രിസ്ത്യാനികൾ മടി എന്ന ദുർഗ്ഗുണത്തിനു് അടിമകളായി കടമുള്ള ദിവസങ്ങളിൽ കുർബ്ബാനകാണുകയാകട്ടെ പള്ളിയിൽ നടത്തുന്ന മറ്റു ഭക്തകൃത്യങ്ങളിൽ സംബന്ധിക്കയാകട്ടെ ചെയ്യുന്നില്ല. വേറെ ചിലർ കടമുള്ളദിവസങ്ങളിൽ വേലഎടുത്തുകൊണ്ടു് സമ്പത്തുണ്ടാക്കുന്നതിനു ശ്രമിക്കുന്നു. ഇങ്ങനെ ഉള്ളവർ എത്ര അദ്ധ്വാനിച്ചു വേലചെയ്താലും അവർക്കു ദരിദ്രതതന്നെയാണു പലപ്പോഴും ഫലമായി ശേഷിക്കുന്നതു്. എന്നുവരികിലും ഇവർ അന്ധന്മാരായിതന്നെ ഇരിക്കുന്നു. ഇപ്രകാരമുള്ള നിർഭാഗ്യന്മാൎക്കു, ശുദ്ധദിവസം ആചരിക്കുന്നതുകൊണ്ടു ദൈവകൃപയും തന്മൂലം ഐഹിക പാരത്രികഭാഗ്യങ്ങളും പ്രതിഫലമായികിട്ടുംഎന്നുള്ളവാസ്തവം മനസ്സിലാക്കുന്നതിനുള്ള അനുഗ്രഹം ഈശോയുടെ ദിവ്യഹൃദയം കൊടുത്തരുളുന്നതിനുവേണ്ടിതിരുഹൃദയസഭക്കാർ പ്രത്യേകമായി ഈ മാസം മുഴുവനും പ്രാർത്ഥിക്കണമെന്നു നമ്മുടെ പരിശുദ്ധപിതാവു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിരിക്കുന്നു.

ജനുവരിമാസം— ചൈനായുടെ ക്രിസ്തുമതാഭിവൃദ്ധി.

## കർമ്മലനാഥയുടെകുഞ്ഞുമക്കൾക്കു്.

### I. വിശുദ്ധ ലൂയീസ് ഗൊൺസാഗാ.

12. സന്യാസപ്രവേശനം.

പ്രി. കുഞ്ഞുങ്ങളേ,

ലൂവീസിനു ഈശോ സഭയിൽ പ്രവേശിക്കുന്നതിനുള്ള പിതാവിന്റെ അനുമതി ലഭിച്ച വർത്തമാനം വേഗത്തിൽ നാടെങ്ങും പരന്നു. കസ്റ്റീലിയോനിലെ പ്രജകൾ കൂട്ടംകൂട്ടമായി ലൂവീസിന്റെ പക്കൽ വന്നു് തങ്ങളെ ഉപേക്ഷിച്ചുപോകരുതേയെന്നപേക്ഷിച്ചു. "രണ്ടു യജമാനന്മാൎക്കു ശുശ്രൂഷ ചെയ്യാൻ സാദ്ധ്യമല്ല, അതുകൊണ്ടാണു ഞാൻ പോകുന്നതു്. നിങ്ങളും നിങ്ങളുടെ ആത്മരക്ഷയുടെ കാൎയ്യം എപ്പോഴും പ്രധാനമായി അന്വേഷിപ്പിൻ" എന്നുപദേശിച്ചു പുണ്യവാൻ അവരെ സമാധാനപ്പെടുത്തിഅയച്ചു. ലൂയീസു് തന്റെ രാജ്യാവകാശങ്ങളെ രേഖാമൂലമായി ഒഴിഞ്ഞെഴുതി കൊടുക്കേണ്ടതായ താമസമേ ശേഷിച്ചിരുന്നുള്ളു. ഗൊൺസാഗാ കുടുംബത്തിലെ പ്രമാണികളെല്ലാം ഇതിലേക്കു മാൻറുവാ നഗരത്തിൽ വന്നുകൂടി. വീണ്ടും പലരും ലൂയീസിനെ ഉപദേശിക്കയും, പലർ പരിശുദ്ധനെ അപഹസിക്കതന്നെയും ചെയ്തു. അവ

രോടൊക്കയും നിത്യരക്ഷയുടെ പ്രാധാന്യത്തെപ്പററി വിശുദ്ധൻ ഉപദേശിക്കയാണു ചെയ്തതു്. 1585 നവംബർ 2-ാംനു-യാണു അതിദീർഘമായ ആ സ്ഥാനത്യാഗപത്രം ഒപ്പുവച്ചതു്. ഫെർഡിനാണ്ടു പ്രഭു അന്നുമുഴുവൻ കണ്ണുനീ ചിന്തിത്തന്നെ കഴിച്ചുകൂട്ടി. വന്നുകൂടിയവരിൽ മിക്കവരും ഏകദേശം അതുപോലെതന്നെയായിരുന്നു. എന്നാൽ ലൂയീസു മാത്രം ആഹ്ലാദചിത്തനായികാണപ്പെട്ടു. ഒപ്പുവെച്ചുകഴിഞ്ഞയുടനേ, ഈശോസഭാവൈദികരുടെ ഒരു വസ്ത്രം നേരത്തേ താൻ ഉണ്ടാക്കി ആശീർവ്വദിപ്പിച്ചുവച്ചിരുന്നതും ധരിച്ചു ആ രാജകുമാരൻ പ്രത്യക്ഷപ്പെട്ടകാഴ്ചകാണികളേയെല്ലാംവല്ലാതെ ഉലക്കികളഞ്ഞു. പിതാവിന്റെയും മാതാവിന്റെയും ആശീർവ്വാദം വാങ്ങിച്ചുകൊണ്ടു അന്നുതന്നെ സ്വഭവനത്തിൽ നിന്നുപുറപ്പെട്ടകയും, വഴിമദ്ധ്യേ ബന്ധുമിത്രങ്ങളുടെ പല പ്രഭുകുടുംബങ്ങളിലും കയറി യാത്ര പറഞ്ഞശേഷം നവംബർ 21-ാംനു- ദൈവജനനിയുടെ ദേവാലയ പ്രവേശന തിരുനാൾ ദിവസം, നിത്യനഗരമായ റോമ്മയിൽ എത്തുകയും ചെയ്തു. പിതാവിന്റെ നിർദ്ദേശാനുസരണം ചാച്ചക്കാരായ കർദ്ദിനാളന്മാർ മുതലായ പലരേ സന്ദർശിച്ചു കഴിഞ്ഞിട്ടു ഒടുവിൽ അഞ്ചാം സിക്സ്തുസ് മാർപ്പാപ്പായേയും കണ്ടു ആശീർവ്വാദം വാങ്ങി. അനന്തരം നവംബർ 25-ാംനു- കത്രീനാദെസ്യേനപുണ്യവതിയുടെ തിരുനാൾ ദിവസം വിശുദ്ധ നഗരത്തിലേ സന്തന്ത്രയാഎന്ന ഈശോസഭാനവസന്യാസ ഭവനത്തിലേക്കു വി. ലൂയീസ് പ്രവേശിച്ചു. അകമ്പടിയായി കൂടെവന്നിരുന്നവരോടെല്ലാം നിത്യരക്ഷയുടെ കാര്യത്തിൽ ശ്രദ്ധയായിരിക്കുന്നതിനു ഒരിക്കൽക്കൂടെ ഓർപ്പിച്ചിട്ടു കടശിയാത്രയും പറഞ്ഞുകൊണ്ടു ദീർഘനാളായി പുണ്യവാൻ ആഗ്രഹിച്ചിരുന്ന രക്ഷാകരമായ ആഭവനത്തിലേക്കു ആഹ്ലാദഭരിതനായി കടക്കുകയും ചെയ്തു.

## II. ഈമാസത്തെ മദ്ധ്യസ്ഥൻ— കാൻറർബറിയിലെ വി. തോമ്മാ.

(തിരുനാൾ ഡിസംബർ 29-ാംനു- വ്യാഴാഴ്ച.)

പന്ത്രണ്ടാം ശതാബ്ദത്തിൽ ഇംഗ്ലണ്ടിൽ കാൻറർബറിയിലേ മെത്രാപ്പോലീത്താ ആയിരിക്കയിൽ വേദസാക്ഷിമുടിപ്രാപിച്ച ഈ വിശുദ്ധൻ ബാല്യകാലത്തു വിദ്യാലയത്തിൽനിന്നു തിരിച്ചുവരുമ്പോൾ ഒരിക്കൽ വഴിമദ്ധ്യേ ഒരു ബാലൻ അത്ഭുതത്തോടൊന്നിച്ചുകൂടി. കുറേനേരം ഒന്നിച്ചുവർത്തമാനം പറഞ്ഞുനടന്നശേഷം, "ഇപ്രകാരം തനിച്ചുനടക്കുന്ന അവസരങ്ങളിൽ എന്റെ പങ്കപ്പാടുകളേ ഓർത്തു ചിന്തിച്ചുകൊള്ളണം. എന്നാൽ എന്റെ പ്രത്യേകവരങ്ങൾക്കു നീ പാത്രമാകും" എന്നുഉപദേശിച്ചിട്ടു ആഗതനായബാലൻ അദൃശ്യനായി. ഉണ്ണിയീശോയായിരുന്നു അകാണപ്പെട്ടതെന്നു പറയേണ്ടതില്ലല്ലോ. വി. തോമ്മാതന്റെ വിദ്യാഭ്യാസകാലത്തും പിന്നീടും ഈ ഉപദേശം കൃത്യമായി അനുസരിച്ചു. "വി. തോമ്മായേ! പാപം ചെയ്യുന്നതിനേക്കാൾ മരിപ്പാൻ ഞങ്ങൾക്കു മനോഗുണം തരുവിക്കണമേ."

## III. കെ. സി. സി. എ. ഡയറി.

ഉണ്ണിയീശോയ്ക്കുള്ള മുടിപണി ഇക്കൊല്ലം പ്രത്യേകജാഗ്രതയായിനടത്തണം. നവംബർ 30-ാംനു- ബുധനാഴ്ച മുതൽ പ്രതിദിനം നാല്പതു നന്മനിറഞ്ഞമറിയം ചൊല്ലിവന്നാൽ പിറവിദിവസത്തിൽ ആയിരം നന്മനിറഞ്ഞമറിയംകൊണ്ടുള്ള ഒരു കിരീടം പൂർണ്ണമായിരിക്കും! അതിനാൽ കെ. സി. സി. ഏ. വകയായിത്തന്നെ പല സഹസ്രം മുടികൾ ഇക്കൊല്ലം ഉണ്ണിമിശിഹായെ ധരിപ്പിക്കാനിടയാകുമെന്നു വിശ്വസിക്കുന്നു.

* * *

വാർഷികപുസ്തകം ഇത്രയും താമസിച്ച സ്ഥിതിയ്ക്കു ഇനി പുതിയ മെത്രാനച്ചന്റെ പടത്തോടും ആശീർവ്വാദത്തോടുക്കൂടിയേ പ്രസിദ്ധപ്പെടുത്തുന്നുള്ളുവെ




൩൪൦-ാം നമ്പർ നെടുമുടി കെ. സി. സി. ബാലസംഘം.

ന്നു കരുതി വച്ചിരിക്കയാണ്. ഏതായാലും അവിചാരിതമായ താമസങ്ങൾ നേരിട്ടിട്ടു ഒടുവിൽ ഇങ്ങനെ ഗുണകരമായിട്ടുതന്നെ കലാശിച്ചതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

* * *

കഴിഞ്ഞ രണ്ടുമാസങ്ങളിലെ ആകെ വരവു 49 രൂ. 16 ചക്രത്തിൽ 5 രൂപാ ബേങ്കിലിട്ടതുൾപടെ പൊതുഫണ്ടു ഇപ്പോൾ ആകെ 59 രൂപയാണുള്ളതു.

എനിക്കു ഒരുവിധം സുഖമായിവരുന്നു. പ്രത്യേകിച്ചു അപേക്ഷിക്കയും, എഴുത്തുകൾവഴി സ്നേഹാനുതാപങ്ങൾ പ്രദൎശിപ്പിക്കയും ചെയ്ത കുഞ്ഞുമക്കൾക്കെല്ലാവൎക്കും നന്ദിപറഞ്ഞുകൊള്ളുന്നു. വെവ്വേറെ മറുപടി അയക്കുന്നതിനു സാധിക്കാതെ വന്നതിൽ ആരും പരിഭവിക്കരുതു്. * * *

എല്ലാവൎക്കും പിറവിയുടെ മംഗളാശംസ!

എന്നു് നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## വൎത്തമാന സംഗ്രഹം.

ബൽഗേറിയാ രാജാവു കഴിഞ്ഞ മാസത്തിൽ പരിശുദ്ധ പിതാവിനെ സന്ദൎശിച്ചിരിക്കുന്നു.

മെക്സിക്കോയിക്കടുത്തുള്ള ഗോട്ടിമാലാ എന്ന സ്ഥലത്തും മതപീഡനം നടന്നുകൊണ്ടിരിക്കുന്നതായിക്കാണുന്നു.

വി. യോഹന്നാൻക്രൂസു പുണ്യവാന്നെ പരിശുദ്ധനെന്നു നാമകരണം ചെയ്തതിന്റെ ദ്വിതീയ ശതവൎഷഘോഷം പ്രമാണിച്ചു സ്പെയിനിൽ സെഗോവിയാ പട്ടണത്തിൽ അതിമനോഹരമായ ഒരു ശവകുടീരം പണികഴിപ്പിച്ചു് വിശുദ്ധന്റെ തിരുശരീരം അത്യാഡംബരപൂൎവ്വം അങ്ങോട്ടു മാററി സ്ഥാപിച്ചിരിക്കുന്നു.

# കർമ്മല കുസുമം.

## ഇരുപത്തഞ്ചാം പുസ്തകം.

## വിഷയാനുക്രമണിക.


അകത്തോലിക്കരുടെ ചില സംശയങ്ങൾ (റവ. ഫാദർ വിൻസൻറ് ഡി. ഡി.) 112
അദ്ദേഹത്തിൻെറ ആവലാതി. (റവ. ഫാദർ സൈമൺ സി. ഡി.) 81
അതിശയാക്കിയാകർഷകലിക്കാസ്സറിയാനിപാത്രിയർക്കീസ്. (റവ. ഫാദർ റൊമയൗതോമസ്സ സി. ഡി. ബി. എ. (ഓണേഴ്സ്) എൽ. ററി. 28
അൽമായ പ്രേഷകത്വം. (റവ. ഫാദർ ജോസഫ് ഏലിയാസ്സ സി. ഡി. ബി. എ. എൽ. ററി. 33
അമലോത്ഭവം. (റവ. ഫാദർ വില്യംഡി. ഒ. സി. ഡി. എം. എ. എൽ. ററി.) 269
അമലോത്ഭവ കന്യകേ! ഞങ്ങളെ സഹായിക്കണമേ. (റവ. ഫാദർ അബ്രാഹം വടക്കയിൽ പി. എ. പി. എച്ച്. ഡി. ഡി. ഡി.) 273
അനുമോദനപഞ്ചകം (പദ്യം) മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള. 272
ആശീർവ്വാദലേഖനം. (മഹാവന്ദ്യ ദിവ്യശ്രീ മാർ അഗസ്റ്റിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്.) 1
ആശംസാകീർത്തനം. (ഡാക്ടർ പി. ജെ. തോമസ്സ്, എ. എ. ബി. ലററ്. പി. എച്ച്. ഡി. 268
ആർസിലെവികാരിയച്ചനും ഒരു പ്രൊട്ടസ്റ്റാൻറുകാരനും. (റവ. ഫാദർ വില്യം ട. ഒ. സി. ഡി., എം. എ. എൽ. ററി. 229
ഇതാണ് നാം അനുകരിക്കേണ്ടതു്. (ശ്രീമാൻ തോമസ്സ് ചാണ്ടി മുണ്ടടൻ) 133
ഇംഗ്ലണ്ടിലെ മാനസാന്തരവേല. (സത്യനാദം) 136
എനിക്കൊരടയാളം തരിക. (ശ്രീമാൻ വി. എക്സ്. ചെറിയാൻ) 208
എൻെറഅമ്മ എൻെറ ആശ്രയമെ. (റവ. ജോസഫ് കൊട്ടപ്പന) 114
ഒരു പുരാതനഗ്രന്ഥം. (വെറി. റവ. ഫാദർ അലക്സാണ്ടർ സി. ഡി.) 55
ഒരു യാക്കോബായ മെത്രാൻെറ എഴുത്തു്. (റവ. ഫാദർ തോമ്മസ് മണ്ണൂരമ്പേരി. 62
കർത്താവെ ആരാണിതു ചെയ്യുതു്. (റവ. ഫാദർ സൈമൺ. സി. ഡി.) 85
കത്തോലിക്കരുടെ സാമുദായികഐക്യം. (ഓണറബിൾ എം. രത്നസ്വാമി എം. എ. ബാർ-അററ്-ലാ എം. എൽ. എ.) 199
കത്തോലിക്കർ എന്തുകൊണ്ടു മറിയത്തെ ബഹുമാനിക്കുന്നു. (ക. നി. മൂ. സ. ബ. പീയൂസച്ചൻ.) 173
കത്തോലിക്കാ കോൺഗ്രസ്സുകൾ. ഓണറബിൾ (എം. രത്നസ്വാമി എം. എ. ബാർ-അററ്-ലാ എം. എൽ. എ.) 152
കത്തോലിക്ക സഭയ്ക്കുപുറമെ രക്ഷയുണ്ടോ? (വെറി. റവ. ഫാദർ അലക്സാണ്ടർ സി. ഡി.) 6
കത്തോലിക്ക സഭയുടെ അഹങ്കാര വൈചിത്ര്യം. (റവ. ഫാദർ വിൻസൻറ് സി. ഡി.) 16
കത്തോലിക്കസഭയേപ്പററി ചില ചിന്തകൾ. (റവ. ഫാദർ മാത്യുവരിക്കയിൽ പിഎച്ച് ഡി. ഡി. ഡി. ബി. സി. എൽ.) 57

കത്തോലിക്കമതവും സമുദായാഭിവൃദ്ധിയും. (ഓണറബിൾ
എം. രത്നസ്വാമി എം. ഏ. ബാർ—ആററ് ലാ എം. എൽ. ഏ.) 225
കന്നിമരിയാ കീർത്തനം. (റവ. ജോസഫ് കൊട്ടുപ്പന) 25
കന്നിമാതൃ കീർത്തനം. (ശ്രീമാൻ ഏ. ററി. ദേവസ്സി.) 99
കർമ്മല ഉത്തരീയം. (റവ. ഫാദർ റൊമേയോ തോമസ് സി. ഡി.
ബി. ഏ. (ഓണേഴ്സ) എൽ. ററി. 157
കർമ്മലനാഥാകീർത്തനം. (ശ്രീമാൻ കെ. ഏ. പോൾ) 147
കർമ്മലനാഥയുടെകുഞ്ഞുമക്കൾക്ക്. (സ്വന്തം കൊച്ചച്ചൻ.)
21 40 65 91 116 139 165 189 211 235 282
കർമ്മലനാഥയുടെ ഉത്തരീയംമൂലം നടന്നഒരത്ഭുതസംഭവം 200
കരുണയുടെ ഉർപത്തിസ്ഥാനമായ ഈശോയുടെ ദിവ്യഹൃദയം.
(വെറി. റവ. ഫാദർ ഗബ്രിയേൽ സി. ഡി.) 229
കുരിശുമരണകീർത്തനം. (റവ. ജോസഫ് കൊട്ടുപ്പന) 74
കുരുടൻെറ ദർശനശക്തി. (ശ്രീമാൻ തോമസ് ചാണ്ടി മുക്കാടൻ) 163
കുനൻകുരിശു സത്യം. (റവ. ഫാദർ റൊമയോ തോമ്മസ് സി. ഡി.
ബി. ഏ. (ഓണേഴ്സ്) എൽ. ററി. 12
കേരളീയകത്തോലിക്കരുടെ മതപ്രചാരണജോലികൾ. (ഓണറബി
ൾ എം. രത്നസ്വാമ എം. ഏ. ബാർ—ആററ്—ലാ. എം. എൽ. ഏ.) 175
കേരളീയകത്തോലിക്കരുടെ രാഷ്ട്രീയനില. ടി. ടി. 246
ക്രിസ്തുമതപ്രചാരം. (ശ്രീമാൻ കെ. സി. വർക്കി ബി. ഏ. എൽ. ററി. 34
ക്രിസ്തുവിൻെറ ഒരു കത്ത്. (ശ്രീമാൻ ജോസഫ് ചാണ്ടി വക്കീൽ) 83
ക്രിസ്ത്യാനി സിംഹക്കുഴിയിലേയ്ക്കു.
(ക. നി. മൂ. സ. ബ. പീയൂസച്ചൻ) 254
ഗാഗുൽത്തായിലെ ദിവ്യബലി. (പദ്യം)
(ക. നി. മൂ. സ. ബ. മാണിക്കത്തനാർ) 83
ചൈനായിലെരക്തസാക്ഷി. (ശ്രീമാൻ എൽ. സി. ഫ്രെസക്ക് ബി. ഏ.) 252
ജപമാലകീർത്തനം. (റവ. എൽ. ജോസഫ് മാവുങ്കൽ.) 219
ജപമാലരാജ്ഞി. (റൈററ് റവ. മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ) 221
ജൂബിലിമംഗളം. (ദലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ട്) 2
ഞാൻ അമലോത്ഭവം ആകുന്നു. (റവ. ഫാദർ സൈമൺ സി. ഡി.) 276
ഞാൻ ആകുന്നു. (ശ്രീമാൻ എ. എം. പീററർ ബി. ഏ. ( 203
ജ്ഞാനസ്നാനം. (റവ. ഫാദർ തോമസ് കളം) 135, 162, 187
തിയോസഫിക്കാരുടെ മ്ശിഹാ. (റവ. ഫാദർ തോമസ് മുഞ്ഞേലി) 132
തിരുസഭയിലെ ഒരു പുതിയ സന്യാസസഭ. 205
തിരുഹൃദയപൊതുനിയോഗം. 20. 39. 65. 89. 115. 133. 164. 281
188. 210. 234 259.
തിരുഹൃദയവണക്കം. (മലങ്കരമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു) 125
തേമ്പാവണി. (ശ്രീമാൻ ജോസഫ് മുണ്ടശ്ശേരി ബി. ഏ.) 230
ദിവ്യപൂജയുടെ മഹത്വം. 255
ദിവ്യപൂജകാണുന്നതിൻെറ പ്രയോജനം. 232
ദിവ്യോപദേശ ശകലങ്ങൾ. (വെറി. റവ. ഫാദർ ഗാബ്രിയേൽ
സി. ഡി. 103
ദിവ്യരക്ഷകൻെറ പീഡാനുഭവം. (റൈറു. റവ. മോൺസിഞ്ഞോർ
അൻറണി പുത്തുശ്ശേരി. 76
ദൈവജനനിയുടെ ശുദ്ധീകരണം. (പദ്യം) (മഹാകവി കട്ടക്കയത്തിൽ
ചെറിയാൻ മാപ്പിള. 29

ദൈവത്തിലുള്ള മനോവിശ്വാസം. 28
ദൈവമേ ക്ഷമിക്കണേ. (പദ്യം ശ്രീമാൻ കെ. ജോസഫ് മുണ്ടശ്ശേരി ബി. ഏ.) 159
ദൈവികമായ ക്രിസ്തുമതം. (ശ്രീമാൻ. സി. എം ഫിലിഫ് ബി. ഏ. ബി. എൽ.) 14
ദൈവികമായ കത്തോലിക്കസഭ (റവ. ഫാദർ മാത്യുവരിക്കയിൽ പി. എച്ച്. ഡി. ഡി. ഡി. ബി. സി. എൽ.) 109
നമ്മുടെ ഒഴിച്ചുകൂടാത്ത ചുമതല. (ശ്രീമാൻ എൽ. സി. ഐസക്ക് ബി. ഏ.) 59
നമ്മുടെ കുരിശുകൾ. (റവ. ഫാദർ സൈമൺ സി. ഡി.) 89
നമ്മുടെ കാവൽമാലാഖമാർ. (റവ. ഫാദർ മർസലീൻ സി. ഡി.) 223
നരകത്തിലെ ദൈവത്തെ സ്നേഹിപ്പാൻ. 36
നവീകരണസുറിയാനിക്കാർ. (റവ. ഫാദർ റൊമേയോ തോമസ് എം. ഏ. (ഓക്സ്ഫോഡ്) എൽ. റ്റി.) 87
പട്ടക്കാരന്റെ ആശീർവ്വാദം. 59, 96
പഞ്ചാംഗം. 24, 45, 72, 96, 120, 144, 168, 193, 216, 240, 264
പാറമേൽ സ്ഥാപിതമായ ക്രിസ്തുവിന്റെ പള്ളി. (ദിവ്യശ്രീ വെള്ളരിങ്ങാട്ടു യാക്കോബു കത്തനാർ.) 153
പുനരൈക്യശ്രമങ്ങൾ. (റവ. ഫാദർ ഡോമ്നിക്ക് രോട്ടശേരി) എം. ഏ. എൽ. റ്റി. 179, 213
പുതിയ പ്രസിദ്ധീകരണങ്ങൾ. 68, 93, 118, 190, 237, 260
പ്രതിദിനം ആമൂദിവ്യപൂജ. (റവ. ഫാദർ ലയോപ്പോൾഡ് ടി. ഒ. സി. ഡി. 134
പ്രസാധകക്കുറിപ്പുകൾ, 3, 25, 50, 74, 99, 123, 148, 171, 195, 219, 243,
പ്രാർത്ഥനയ്ക്കുള്ള പ്രതിബന്ധങ്ങൾ (റവ. ഫാദർ മൂഞ്ഞേലി.) 248
പ്രോട്ടസ്റ്റാൻറുസഭയും പാപസങ്കീർത്തനക്കൂദാശയും (റവ. ഫാദർ ജോസഫ് പറേടം.) 31
വി. ഫ്രാൻസിസ്സ് അസ്സീസി ലോകത്തിനുവേണ്ടി എന്തുചെയ്തു (റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ടു ( 227
ഫലപ്രദമായി കുർബാന കാണേണ്ടുന്ന വിധം. (ക. നി. മൂ. സ. ബ. അപ്രേം പട്ടക്കാരൻ) 181, 202, 250,
ബവേറിയൻയുവതിയുടെ അഞ്ചുമുറിവുകൾ. (ദിവ്യശ്രീ മററത്തിൽ കുഞ്ഞൻ കത്തനാർ) 231
ഭയങ്കരമായ ഒരുശിക്ഷ (റവ. ഫാദർ സൈമൺ. സി. ഡി.) 0
മകളേ വിഷമിക്കേണ്ടതില്ല നീ (പദ്യം) മേരി ജോൺ തോട്ടം 107, 130
മനോഗുണപ്രവൃത്തികളുടെ മാഹാത്മ്യം (റവ. ഫാദർ ജോസഫ് കൊട്ടപ്പുറ. 253
മലയിലെ പ്രസംഗം (മഹാകവി കട്ടയത്തിൽ ചെറിയാൻമാപ്പിള) 178, 201, 229, 250
മലങ്കരസഭ 126
മർത്ത്യാവതാരകീർത്തനം (റവ. ഫാദർ മാത്യുവടക്കയിൽ.) 3
മാലാഖാമാരുടെ രാജ്ഞി. (റവ. വടക്കഞ്ചേരി) 233
മാർപ്പാപ്പായുടെ ദിനചര്യ. (ദിവ്യശ്രീ മററത്തിൽ കുഞ്ഞൻകത്തനാർ) 81 107
മാർപ്പാപ്പായുടെ പരമാധികാരം എന്നുതുടങ്ങി. (സി. അന്തപ്പായി ബി. ഏ.) 104
മാർ തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (റൈററ് റവ. മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ) 148
മാർപ്പാപ്പായുടെ അപ്രമാദിത്വം എന്നാലെന്ത്. (റവ. ഫാദർ മാത്യു വരിക്കയിൽ പി. എച്ച്. ഡി. ഡി. ഡി. ബി. സി. എൽ.) 160

മൂന്നു നന്മനിറഞ്ഞമറിയം. (റവ. കെ. വടക്കഞ്ചേരി) 110
മൂന്നു സ്മരണീയവാക്യങ്ങൾ.
(വെറി. റവ ഫാദർ അലക്സാണ്ടർ സി. ഡി. 151
മെക്സിക്കോയുടെആശ്രയം (ശ്രീമാൻ എൽ. സി. ഐസക്ക ബി. എ.) 17
മെക്സിക്കോയിലെ മേരീദാസൻ. (റവ. പീററർ കാനാട്ട്.) 205
മേമാസവണക്കം. (റൈററ് റവ. മോൺസിഞ്ഞോർ
ജേക്കബ് കല്ലറയ്ക്കൽ.) 101
മേരീപ്രസാദം. (പദ്യം) (ശ്രീമാൻ കെ. ജോസഫ് മുണ്ടശ്ശേരി.) 10
മേരീമണാളകീർത്തനം. (ശ്രീമാൻ ഏ. ററി ദേവസ്സി) 50
മ്ശിഹായുടെ പിറവി. (റൈററ് റവ. മോൺസിഞ്ഞോർ
അൻറണി പുതുശ്ശേരി) 5
മ്ശിഹായോടുകൂടി പാട്ടുപെട്ടക. (റവ. ഫാദർ സൈമൺ സി. ഡി.) 64
യഹൂദജാതക്കാരുടെ മാനസാന്തരം.
(ശ്രീമാൻ എൽ. സി. ഐസക്ക് ബി. ഏ.) 181
യൌസേപ്പിൻെറ പക്കൽ പോകുവിൻ. (റൈററ് റവ. മോൺസി
ഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ. 55
രജതജൂബിലി ആഘോഷം. (റവ. ഫാദർ തോമ്മസ് തളിയത്ത്.) 36
രാജകുമാരൻെറഭാഗ്യം. (ദിവ്യശ്രീ മററത്തിൽകുഴ്യൻ കത്തനാർ.) 1.7
ലൂർദിലെ അത്ഭുതങ്ങൾ. (റവ. ഫാദർ മാത്യു വരിക്കയിൽ പി.
എച്ച്. ഡി. ഡി.ഡി. ബി. സി. എൽ.)
വർത്തമാനസംഗ്രഹം 44 69 118 142 165 191 214 238 261
വട്ടക്കാരൻ. (റവ. ഫാദർ സൈമൺ സി. ഡി.) 79
വ ശുദ്ധ കർബാന (ക. നി. മൂ. സ. അപ്രേം പട്ടക്കാരൻ.) 131
വിശ്വാസത്താലുള്ള നീതികരണം. (റവ. ഫാദർ പഞ്ഞിക്കാരൻ
എം. എ., പി. എച്ച്. ഡി., ഡ. ഡി., ഡി. സി. എൽ. 27
വേദപുസ്തകത്തിലെ ദിവ്യകാരുണ്യ സ്മരണകൾ.
(റവ. ഫാദർ തോമ്മസ് മൂഞ്ഞേലി) 85
വേദപുസ്തകവ്യാഖ്യാനം. വെറി. റവ. ഫാദർ അലക്സാണ്ടർ സി. ഡി. 245
വ്യാകുലമാതാ കീർത്തനം (ക. നി. സ. ബ. മാണിക്കത്തനാർ) 195
വ്യാകുലമാതാവിനോടുള്ള ഭക്തിഎങ്ങിനെയുള്ളതായിരിക്കണം
(റവ. ഫാദർ അലോഷ്യസ് സി. ഡി.) 197
ശാസ്ത്രാഭ്യസനം ചെയ്യേണ്ടവിധം. (റവ. ഫാദർ സൈമൺസി. ഡി 127
ശുദ്ധീകരകീർത്തനം. (ശ്രീമാൻ ഏ. ററി. ദേവസ്സി) 243
സത്യവേദാശ്രമം (ശ്രീമാൻ കെ. ഐ. പോൾ) 135
സഹോദര സ്നേഹത്തിൻെറ ആധിക്യം 39
സഹോദരിയുടെ ത്യാഗം (ഒരു വാസ്തവകഥ) (ശ്രീമാൻ ജെ. ചാക്കോ
വള്ളവന്താ) 256
സ്വർഗ്ഗത്തിലെനാണയം (റവ. ഫാദർ തോമ്മസ് മൂഞ്ഞേലി.) 182
സ്വർഗ്ഗരാജ്ഞീകീർത്തനം (ശ്രീമാൻ വി. എക്സ് ചെറിയാൻ) 171
സ്ലീവാദർശനം (പദ്യം) കെ. ആർ. വി. 56
റോമിലെ പ്രേതാലയങ്ങൾ (ദിവ്യശ്രീ കാപ്പിൽകുര്യാക്കോസ് ശ. പി.
എച്ച് ഡി.) 229

---

Printed and Published for the Proprietor by P K. Joseph, at the
St. Joseph's Press, Mannanam, 1927.

KARMALA KUSUMAM 1927-28
C15 1927-28
02001285